465
260060

465

SEN GUPTA MEMORIAL
PUTHIYARA.

# മണിമാല.

260060

## (രണ്ടാം ഭാഗം)

ഗ്രന്ഥകർത്താ:—

ചേലനാട്ട് അച്യുതമേനോൻ ബി. ഏ.

**(University Reader in Malayalam)**

(രണ്ടാം പതിപ്പ് കോപ്പി 1250)

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY

പ്രസാധകൻ:—

കെ. എം. നായർ.

വിദ്യാവിലാസം അച്ചുക്കൂടം, കോഴിക്കോട്.

1931
1106)

(വില 8 ണ.

SEN GUPTA MEMORIAL READING ROOM & LIBRARY
PUTHIYARA.
26 ००60

# പ്രസ്താവന.

“മണിമാല” ഒന്നാം ഭാഗം (വിദ്യാവിനോദിനി പ്രസ്സ്, തൃശ്ശിവപേരൂർ) വായനക്കാരിൽ പലരും കണ്ടിരിക്കാനിടയുണ്ടു്. അതു കണ്ടു് എന്റെ സ്നേഹിതന്മാർ നിരന്തരം ഉത്സാഹിപ്പിച്ചതുകൊണ്ടാണ് ഈ രണ്ടാം ഭാഗവും ഇങ്ങിനെ പുറത്തിറങ്ങുവാൻ സംഗതിയായതു്. ഇതിൽ “വിധിയും കൊതിയും” എന്ന കഥയൊഴികെ മററു കഥകളെല്ലാം മണിമാല ഒന്നാം ഭാഗം പുറത്തുവന്നതിന്റെശേഷം എഴുതിയവയാണ്. “വിധിയും കൊതിയും” എന്ന കഥ എന്റെ ഗണപതിക്കയ്യാണെന്നുള്ള കഥയും ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. പഴക്കംകൊണ്ടു കഥാകഥനത്തിൽ എന്റെ കയ്യിന്നു തഴക്കവും കഥകൾക്കു തിളക്കവും കൂടീട്ടുണ്ടോ എന്നുള്ള കാൎയ്യം വായനക്കാർതന്നെ തീൎച്ചപ്പെടുത്തേണ്ടതാണ് വാത്സല്യപൂൎവ്വം ഈ ഭാഗത്തിനേയും കൈക്കൊള്ളേണമെന്നേ എനിക്ക് അവരോടു് അപേക്ഷിക്കേണ്ടതായിട്ടുള്ളു.

ഈ പുസ്തകം ഇത്രയും ഭംഗിയായി അച്ചടിച്ചു തന്ന വിദ്യാവിലാസം പ്രസ്സുകാരോടു് എനിക്കുള്ള നന്ദി പറഞ്ഞു തീൎക്കാവുന്നതല്ല.

എന്നു്
ഗ്രന്ഥകൎത്താവു്.

894.835
CHE

# വിഷയ വിവരം.


| | | | | |
|---|---|---|---|---|
| | | | | ഭാഗം. |
| ഇന്ദ്രജാലം | ... | ... | ... | 1 |
| വിധിയും കൊതിയും | | ... | ... | 11 |
| പ്രായശ്ചിത്തം | ... | ... | ... | 28 |
| കാട്ടുരാജാവ് | ... | ... | ... | 43 |
| മേനോൻെറ അവസാനക്കയ്യ് | | ... | ... | 58 |

5.x.33

# മണിമാല.

## രണ്ടാം ഭാഗം

൧

## "ഇന്ദ്രജാലം" *

(തേടിയവള്ളി കാലിൽ)

ചെറുകഥ.

ശ്രീദേവിത്തമ്പുരാട്ടി ഉച്ചക്ക് അമീത്ത് കഴിഞ്ഞു മാളികമുകളിൽ ചെന്നിരുന്ന് പതിവുപോലുള്ള പുരാണ പാരായണം കഴിഞ്ഞു് വിശ്രമിക്കാനാരംഭിക്കുമ്പോഴെക്കു, സഖികൾ ഒന്നു പാടേണമെന്നായി കിണഞ്ഞു.

"പാണ്ഡവൻെറ രൂപം കണ്ടാലഹോ
പുണ്ഡരീകഭവസൃഷ്ടികൌശലമഖണ്ഡമായി
വിലസുന്നിതിശംകേ ഞാൻ"

എന്ന പല്ലവി പാടിയതോടുംകൂടി "കണ്ടും നേരെയാവുന്നില്ല" എന്നു പറഞ്ഞു് താൻതന്നെ മതിയാക്കി പെട്ടെന്നു ചില സ്മരണകൾ മനസ്സിലുദിക്കയാൽ തലതാഴ്ത്തി മിണ്ടാതിരുന്നു. മൌനം മററുള്ളവരുടെ പരിഹാസ

* മാതൃഭൂമി വിശേഷാൽപ്രതിയിൽ (1926-ൽ) പ്രസിദ്ധപ്പെടുത്തിയതു്.

ത്തിന്നു മൂലമാകുമെന്നു കരുതി ഉടനെ പള്ളിയറയിലേക്ക് എഴുന്നെള്ളി. ഉർവ്വശിയെപ്പോലെ തമ്പുരാട്ടിയും കുറച്ചു കാലമായി മദനപാരവശ്യംകൊണ്ടു് വലഞ്ഞിരിക്കുകയാണു്. അതിന്നു കാരണഭൂതനായ പുരുഷകേസരി തനിക്കു് ഉർവ്വശിയുടെ അനുഭവം ഉണ്ടാക്കരുതേ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ടായിരിക്കാം. അപ്പോഴെക്കു് കല്ലൂർ നമ്പൂതിരിപ്പാടു വന്നിട്ടുണ്ടെന്നറിയിക്കയാൽ അദ്ദേഹത്തോടു കുശലം ചോദിക്കുവാനായി പുറത്തേക്കുതന്നെ വന്നു.

തമ്പുരാട്ടി--എന്താ ഇങ്ങോട്ടെക്കുള്ള വഴിതന്നെ നമ്പൂതിരിപ്പാടു മറന്നുവെന്നു് വിചാരിച്ചു.

നമ്പൂതിരിപ്പാട്—നല്ലകഥ. അങ്ങിനെ വരാൻ പാടുണ്ടോ. ചോടിവിടെയല്ലെ കഴിഞ്ഞതു്. ഒരു ദിക്കിൽ നാലുദിവസം തികച്ചു താമസിക്കാൻ എനിക്കു വിധിയില്ല. അപായവും അപകടവും, ഇളക്കവും ഉള്ള സ്ഥലങ്ങളിലൊക്കെ എത്തണ്ടേ?

തമ്പു—നമ്പൂതിരിപ്പാട് മാററാത്ത വ്യാധിയില്ലെന്നാണു് കേൾവി. പക്ഷെ എൻെറ ദീനം അന്നും ഇന്നും ഒരുപോലെതന്നെ.

കല്ലൂർ—വ്യാധി അറിയാഞ്ഞിട്ടും, മരുന്നു് അറിയാഞ്ഞിട്ടും അല്ല. മരുന്നു കിട്ടാനുള്ള പ്രയാസം വിചാരിക്കുമ്പോൾ അമാന്തിക്കയാണ്.

തമ്പു—അപ്പോൾ ദീനം മാറാത്തതാണല്ലെ. മാറാത്ത ദീനത്തിനല്ലേ കിട്ടാത്ത മരുന്നു്?

നമ്പൂ—അതല്ല. അത്രത്തോളം ഉപദ്രവം തുടങ്ങിയെന്നറിഞ്ഞില്ല.

തമ്പു—അതിത്രത്തോളം പറയാനൊരുങ്ങിയതിൽനിന്നുതന്നെ മനസ്സിലാക്കരുതെ.

നമ്പൂ—എന്നാൽ ഇനി കല്ലൂരിനെക്കൊണ്ട് ആവുമോ എന്നു പരീക്ഷിച്ചിട്ട്. രാത്രി ഒരു പത്തുനാഴിക രാച്ചെല്ലുമ്പോൾ തോട്ടത്തിൽ കാണണം.

നമ്പൂതിരിപ്പാട്ട താഴത്തേക്കും തമ്പുരാട്ടി പള്ളിയറയിലേക്കും പോയി. കോവിലകത്തു നമ്പൂതിരിപ്പാട്ട വന്നിട്ടുണ്ടെന്നും ഇല്ലെന്നും ഒരുപോലെ സംസാരം തുടങ്ങി.

൨

പൂപോലെയുള്ള നിലാവു. ലോകമാസകലം വെള്ള വീശിയ സമയം. കൊൾമയിർ കൊള്ളിക്കുന്ന കുളിരിളംകാററും അകമ്പടിചേൎന്നപ്പോൾ പ്രകൃതിവിലാസത്തിന്നും ജനങ്ങളുടെ ആനന്ദത്തിന്നും പരമാവധിയായി. വഴിപോക്കന്മാർ നടന്നു് നടന്നു് സുഖം കടന്നുപോകരുതെന്നു് വിചാരിച്ചു വഴിവക്കത്തുള്ള പുൽപ്രദേശങ്ങളിൽ മുണ്ടു വിരിച്ചിരുന്നു് ക്ഷീണം തീൎത്തുകൊണ്ടു ചുററുമുള്ള കാഴ്ചകണ്ടു ലയിക്കാൻ തുടങ്ങി. വധൂവരന്മാർ "പൂഞ്ചോല തോറും നടന്നു, പൂമണം മെല്ല നുകൎന്നു" ശരച്ചന്ദ്രികയെ കൊണ്ടാടി. പലതരം കളവിന്നുമായി പുറത്തിറങ്ങീട്ടുള്ളവരും വെളിയിൽവരാൻ മടിച്ചു്, ഒളിവിലിരുന്നു് ചന്ദ്രോപാലംഭം ആരംഭിച്ചു. പഴശ്ശേരിരാജാവും അത്താഴം കഴിഞ്ഞു് കടൽത്തീരത്തുള്ള കൊട്ടാരത്തിൽ കടലിന്നഭിമുഖമായിട്ടുള്ള വരാന്തയിലെത്തി, തിങ്കളെക്കണ്ടു്,

തിരതല്ലിത്തുള്ളുന്ന തോയരാശിയുടെ തള്ളിച്ചനോക്കി പുഞ്ചിരി തൂകിത്തുടങ്ങി. "മാധവ! മധുസമയം" എന്ന് മൂളിക്കൊണ്ടു കല്ലൂർ നമ്പൂതിരിപ്പാട്ടും എത്തി.

രാജാ—ആര് കല്ലൂരോ! ഇപ്പോൾ വിചാരിച്ചേ ഉള്ളു. അപ്പോഴെക്ക് എത്തിയല്ലൊ. കഴിഞ്ഞ കൊല്ലം ഇക്കാലത്ത് ഇങ്ങിനെ തെളിഞ്ഞ നിലാവുള്ള ഒരു രാത്രി നോം വള്ളക്കളിയ്ക്ക് പോയത് ഓക്മനുണ്ടോ? അത് ഓത്ത് ഇപ്പോൾ കല്ലൂരുണ്ടെങ്കിൽ എത്ര നന്നായിരുന്നു എന്ന വിചാരിക്കയായിരുന്നു. കല്ലൂരിന്നു ദീൎഘായുസ്സുതന്നെ.

നമ്പൂ—ദീൎഘായുസ്സ് അവിടുത്തെപ്പോലെയുള്ളവൎക്കാണ് വേണ്ടത്.

രാജാ—വെറുതെ സേവപറയേണ്ടാ. അനവധി ജനത്തിന്നു ദുഃഖശാന്തി വരുത്തുന്ന നമ്പൂതിരിയല്ലെ എന്നും ഇരിക്കേണ്ടത്.

നമ്പൂ—എനിക്കു വന്നദുഃഖം മാററാനെ കഴിവുള്ളു. അങ്ങക്കു വരാൻപോകുന്ന ദുഃഖം മുൻകൂട്ടിയറിഞ്ഞു് പരിഹരിക്കാനുള്ള ശക്തിയുണ്ടല്ലൊ. അപ്പോൾ ആരാണ് അധികം ഇരിക്കേണ്ടത്.

രാജാ—നേരംപോക്കു മതി. വല്ലവരുടേയും ദുഃഖംകൊണ്ടാണോ വന്നിരിക്കുന്നത്.

നമ്പൂ—എന്തിനാണ് എന്നെ പരിഹസിക്കുന്നത്. സകലരുടെ ദുഃഖവും ചാരചക്ഷുസ്സുകൊണ്ടറിയുന്ന അങ്ങയുടെ മുമ്പിൽ ഇയ്യുള്ളവൻെറ മറിമായങ്ങൾ സാരമുണ്ടോ?

രാജാ—കല്ലൂരിന്നു സേവക്ഷ പറയാം കെട്ടൊ. അതിരിക്കട്ടെ. ശ്രീദേവി തമ്പുരാട്ടിയെ അറിയോ. കവിതയുണ്ടെന്നൊക്കെ കേട്ടു. ഇന്നാലെ "പാറപ്പുറം" വന്നപ്പോൾ ശ്രീദേവി തമ്പുരാട്ടിയുടെ വകയാണെന്നു പറഞ്ഞ് ഒരു ശ്ലോകം ചൊല്ലി. ഒരിക്കലെ ചൊല്ലിയുള്ളു പിന്നെ എന്റെ മനസ്സിൽനിന്ന് അതു പോകുന്നില്ല.

നമ്പൂ—കേൾക്കട്ടെ. നല്ല കവിതയാണെന്നാണു കേൾവി.

രാജാ—ചൊല്ലാം.

അല്ലേ മാലതി! മാലെനിക്കുവളരു-
നോരത്തുരക്കുന്നത-
ങ്ങെല്ലാംകേട്ടു ഹസിച്ചുനില്ക്കുമയി!
നിന്നന്തസ്സിനുണ്ടന്തവും
കല്യാണാംഗനരിപ്രതാപഹരനാമെൻ
കാമുകൻ കാണുകിൽ
കല്യേ! നിൻകഥതീൻ, കണ്ഠവുമരിഞ്ഞെൻ
കയ്യിലപ്പിച്ചിടും.

നന്നായിട്ടുണ്ട്. ഇതു തമ്പുരാട്ടിയുടെ തല്ക്കാലസ്ഥിതി സൂചിപ്പിക്കുന്നതായിരിക്കുമോ. കണ്ടാലെങ്ങനെ!

നമ്പൂ—ഞാനൊരു കവിയായില്ലല്ലൊ. എന്നാൽ ഒന്നു വർണ്ണിക്കാമായിരുന്നു. സാഹിത്യം മാത്രമല്ല സംഗീതവും കടുകട്ടിയാണ്. ഇന്നാളൊരു ദിവസം ഞാൻ അവിടെ പോയിരുന്നു. അപ്പോൾ "പാണ്ഡവന്റെ രൂപം കണ്ടാൽ" എന്നു പാടുന്നതു കേട്ടു. ആ പദം ഉ

ണ്ടാക്കിയ ആൾതന്നെ അങ്ങിനെ പാടുമോ എന്നു സംശയം തോന്നി.

രാജാ—പാട്ട് ഒന്നു കേൾക്കാൻ എന്താ നിവൃത്തി. എന്നാൽ കാണുകയും ആവാമല്ലോ. രാജാവാകയാൽ അകമ്പടികൂടാതെ പുറത്തിറങ്ങാനും നിവൃത്തിയില്ല. കല്ലൂരിനെപ്പോലെയുള്ളവൎക്കുതന്നെയാണു സുഖം; എവിടേയും എപ്പോഴും ചെല്ലാം.

നമ്പൂ—ശരി! ഇങ്ങിനെ അലയുന്നതാണല്ലേ സുഖം! പാട്ടു കേൾക്കണമെങ്കിൽ നിവൃത്തിയുണ്ട്. പക്ഷെ അവിടെ ഇനി പോകുമ്പോൾ ഒന്നു ചോദിച്ചതിന്നു ശേഷം പോരേ.

രാജാ—മതി. നമ്പൂതിരിയുടെ ഇന്ദ്രജാലംകൊണ്ട് ഇതിലധികവും സാധിക്കും.

നമ്പൂ—ചുരുക്കത്തിൽ എന്നെ ഹംസമാക്കാനാണോ ഭാവം—അഭ്യാസം നന്നെ കുറവാണു്.

രാജാ—അതു് ഇനി തുടങ്ങിയാൽ മതി. ആട്ടെ ഇന്നും കടലിലിറങ്ങിയാൽ കൊള്ളാമെന്നുണ്ട്. തോണി കൊണ്ടുവരാൻ പറയൂ.

നമ്പൂ—ഓ. ഇദാ എത്തി.

൩

നമ്പൂതിരിപ്പാട്ടും രാജാവും തോണിയിൽ കയറി. അതിഥിയെ അറിഞ്ഞ അൎണ്ണവം തന്റെ അധികാരസീമയിൽ അദ്ദേഹം കാലെടുത്തുവെച്ച ഉടനെ തിരയെന്ന വ്യാജേന ആ മഹാനെ വന്ദിച്ചു തോണിയിലുള്ളവർ അതിവേഗത്തിൽ തണ്ടു വലിതുടങ്ങി. പൊന്തിത്താഴുന്ന

ഓളങ്ങളോട് ഇണങ്ങിപ്പോകുന്ന തോണി ശരണാഗതന്റെ നിലയിൽ സാഗരരാജാവിനെ നമസ്കരിക്കുവാനും ആരംഭിച്ചു. കടലിലേക്കു പോകുംതോറും കാററിനു ശക്തികൂടി. ഓളങ്ങൾക്കു കോലാഹലം കുറഞ്ഞുവെങ്കിലും, കണ്ടാൽ ഭയം തോന്നത്തക്കവിധം വലിപ്പംകൂടിവന്നു. വെള്ളം തൊടുന്നുണ്ടോ എന്ന സംശയം തോന്നിക്കുന്ന വേഗത്തിൽ പോകുന്ന തോണിയെ കാററിനെതിരായി കൊണ്ടുപോകുവാൻ അധികനേരം അവരുടെ കരബലം സഹായിച്ചില്ല. കൊണ്ടുപിടിച്ചു തണ്ടുവലിക്കുന്നവർ തോണി തെക്കോട്ടു തിരഞ്ഞതും അറിഞ്ഞില്ല. കാററും കോളും വദ്ധിച്ചു. പിടിച്ചാൽ കിട്ടാതെ പോകുന്ന തോണിയുടെ ഉദ്ദിഷ്ടസ്ഥാനം ഇന്നതാണെന്ന് അതിലിരിക്കുന്നവൎക്കും അറിയാതെയായി. "തോണി വല്ലാതെ പോകുന്നുവല്ലോ" എന്ന നമ്പൂതിരിപ്പാട്ടു പരിഭ്രമം പ്രത്യക്ഷമാക്കിയപ്പോൾ "കാററ് അധികം നില്ക്കില്ല" എന്നു രാജാവു സമാധാനിപ്പിച്ചു പെട്ടെന്നു ഒരു പ്രഭാപൂരം തോണിയുടെ മുമ്പിൽ പ്രത്യക്ഷമായി. രാജാവു ശങ്കിച്ച് നോക്കുന്നതു കണ്ടപ്പോൾ നമ്പൂതിരിപ്പാട് ഇതിന്നു നേരെയാണു കൊടുങ്ങല്ലൂർ ക്ഷേത്രം എന്നുണൎത്തിച്ചു. അതു കേൾക്കേണ്ട താമസം, രാജാവു തണ്ടുവിട്ട് കൈകൂപ്പി കണ്ണടച്ചു ദേവിയെ ധ്യാനിച്ച് സ്തോത്രം തുടങ്ങി.

(പാട്ട)

"താപനാശിനി! തായേ! തൊഴാം തവ
രൂപമീദൃശം കണ്ടതെൻ ഭാഗ്യമേ!

വിശ്വവന്ദ്യേ! വിലോചനാലോകനാൽ
വിശ്വപാലനം ചെയ്യുന്ന ശക്തി നീ!
സാരനൈക്യാൎത്ഥമാകുന്ന സേവയും,
വീരനോ നിജ വീൎയ്യം പുലൎത്തുവാൻ,
കാമുകൻതന്റെ കാമലാഭത്തിനും"

എന്നു പറഞ്ഞതോടുകൂടി അദ്ദേഹം ഒന്നു മയങ്ങി. തോണി ലോകമാതാവിന്റെ ആജ്ഞപ്രകാരം പ്രാപ്യസ്ഥാനം അണയുകയും ചെയ്തു.

൪

രാജാവിന്നു ബോധം വീണപ്പോൾ തോണിയുമില്ല, പുഴയുമില്ല, നമ്പൂതിരിപ്പാടുമില്ല. പലവിധ പുഷ്പങ്ങളുടെ പരിമളം വഹിക്കുന്ന മന്ദാനിലൻ തൊട്ടു തലോടീട്ടാണ് താൻ ഉണൎന്നതു് എന്നും തോന്നി. കണ്ണുമിഴിച്ചു നോക്കിയപ്പോൾ നിലാവുകൊണ്ടു പത്തിരട്ടി ശോഭകൂടിയ ഒരുദ്യാനത്തിന്റെ മദ്ധ്യത്തിൽ വെണ്ണക്കൽത്തറയിന്മേലാണ് കിടക്കുന്നതെന്നും മനസ്സിലായി. ഇതു് നമ്പൂതിരിപ്പാടിന്റെ ഇന്ദ്രജാലത്തിന്റെ മഹിമയായിരിക്കുമൊ, അതോ നന്ദനോദ്യാനസദൃശമായിരുന്ന ഈ പൂങ്കാവനം ലോകത്തിലുള്ളതുതന്നെയായിരിക്കുമോ, എന്നു തീൎച്ചപ്പെടുത്തുവാൻ സ്ഥലഭ്രാന്തി തല്ക്കാലം അനുവദിച്ചില്ല. അങ്ങിനെ അധികനേരം ഇരിക്കേണ്ടിവന്നില്ല സൎവ്വാംഗവും മൂടിയ ഒരു രൂപം ഉദ്യാനത്തിന്റെ ഒരു ഭാഗത്തുനിന്നു തന്റെ നേൎക്കു വരുന്നതു കണ്ടു. നമ്പൂതിരിപ്പാടായിരിക്കുമൊ എന്നു സംശയിച്ചു് ഒന്നു വിളിച്ചു. മറുവടിയില്ല. കുറച്ചുകൂടി ക്ഷമയോടുകൂടി ഇരുന്നപ്പോൾ ആ

രൂപം ആച്ഛാദനങ്ങൾ അല്പാല്പമായി നീക്കിനീക്കി അടുക്കുന്നതു കണ്ടു. ചവിട്ടുന്ന പുൽക്കൊടികൾക്കുപോലും വേദന തട്ടരുതെന്നു കരുതി നന്നെ പതുക്കെ നടന്നുവരുന്ന ആ രൂപം ഒരു നവസുന്ദരിയുടേതാണെന്ന് മനസ്സിലാക്കുവാൻ രാജാവിന്നു അധികം ആലോചിക്കേണ്ടിവന്നില്ല. അങ്ങിനെ ശ്രമപ്പെടുത്തുന്നതു് അപമര്യാദയാണെന്നു വിചാരിച്ചു് ആ വീരസുകുമാരൻ എതിരേല്ക്കാൻ അങ്ങോട്ടു ചെന്നു. അടുത്തെത്തിയപ്പോൾ—

"ചരണദാസിയാമെന്നിൽ കനിയേണം
ശരണംമററില്ല"

എന്ന് സങ്കോചസംഭ്രമങ്ങൾ അനുവദിച്ചേടത്തോളം സ്ഫുടതയോടുകൂടി, താണസ്വരത്തിലെങ്കിലും മധുരമായി ഒരു വിധം ഉച്ചരിച്ചു! ആ സുഭാഷിണി അധോമുഖിയായിനിന്നു.

സ്ഥലകാലഭേദത്താലുണ്ടായ ഭ്രാന്തിയെ ഒരു കണക്കിൽ ജയിച്ചു് മനസ്സിനെ സ്വസ്ഥമാക്കാൻ രാജാവു ശ്രമിച്ചുകൊണ്ടിരിക്കുമ്പോഴാണു് ഈ കന്യകാരത്നത്തിൻെറ ആഗമനം! വിട്ടൊഴിഞ്ഞിരുന്ന ഭ്രാന്തി വീണ്ടും രാജഹൃദയത്തിൽ വേരൂന്നി. ഇതുവരെ മനസ്സ് അന്യാധീനമാക്കാതിരുന്നിട്ടുള്ള ആ സരസഗംഭീരൻ തനിക്കു തല്ക്കാലം നേരിട്ട ചാപല്യത്തിന്നു കാരണഭൂതൻ ആരായാലും അയാളെ ശതകംചൊല്ലിക്കുമെന്ന് ശപഥം ചെയ്തുപോലെ പെട്ടെന്ന് ഉജ്ജ്വലതേജസ്വിയായി നിലകൊണ്ടു. ധീരനായിരിക്കുന്ന ആ പുരുഷപുംഗവനിൽ പരിഭ്രമം അധികനേരം കുടികൊള്ളുക പതിവില്ലാത്തതിനാൽ ഉടനെ

തൻെറ മുമ്പിൽ "സ്വയമേവാഗതയായ" സുന്ദരിയുടെ സന്ദർശനത്താൽ അല്പമൊന്നു മയംവന്ന പ്രൌഢസ്വരത്തിൽ "അല്ലയോ സതീരത്നമെ! ഞാൻ ഭവതിയെ ആരെന്നറിഞ്ഞിട്ടാണു് അഭിവാദ്യം ചെയ്യേണ്ടതെന്നു് ആജ്ഞാപിക്കേണ്ടിയിരിക്കുന്നു. ശരണം പ്രാപിക്കുന്നവരെ അന്വേഷിച്ചറിയാനുള്ള അവസരം ഞാനുണ്ടാക്കാറില്ല. അവരുടെ സ്ഥിതികൾ മുൻകൂട്ടി മനസ്സിലാക്കി യഥോചിതം പ്രവർത്തിക്കുന്നതാണു് എൻെറ പതിവു്. ഭവതിയുടെ കാര്യത്തിൽ അങ്ങിനെ സാധിക്കാതെ വന്നതിൽ വ്യസനിക്കുന്നു. എൻെറ ഹൃദയം ഭവതിയോടു് ഒരു ചോദ്യം ചോദിപ്പാൻ എന്നെ പ്രേരിപ്പിക്കുന്നു. ഭവതിയാണോ ആ ശ്രീദേവി!

തമ്പുരാട്ടി—സാക്ഷാൽ ശ്രീദേവി ഞാനല്ല. പയസ്സേരി തമ്പുരാനെ ഏകാഗ്രചിത്തതയോടുകൂടി ധ്യാനിച്ചിരിക്കുന്നവളും, അദ്ദേഹത്തിൻെറ പാദശുശ്രൂഷക്കായി സദാ കൊതിച്ചിരിക്കുന്നവളും, ആ തിരുമേനിയെ ഈ രാത്രി ഇത്തരത്തിൽ ശല്യപ്പെടുത്തിയവളും ആയ ആ ശ്രീദേവി ഞാൻ തന്നെയാണു്. എന്നെ അപരാധിനിയാക്കരുതെ.

രാജാ—അങ്ങിനെയാണെങ്കിൽ ഞാനാണു് അപരാധി. രാജാവായ എനിക്കു് ഏതുതരം ജീവിതത്തിലും പരിചയം സിദ്ധിച്ചിട്ടുണ്ടു്. എന്നാൽ ദേഹപീഡയോ മാനസപീഡയോ യാതൊന്നും അറിയാത്ത ഭവതിക്കു് ഈ അർദ്ധരാത്രിവരെ നിദ്രാഭംഗത്തിന്നിടവരുത്തിയ ഞാനല്ലേ വാസ്തവത്തിൽ അപരാധി.

തമ്പു—ഇങ്ങിനെയുള്ള അപരാധങ്ങൾ രണ്ടുപേരും ആ വത്തിക്കട്ടെ എന്നാണു് ഇയ്യുള്ളവളുടെ പ്രാത്ഥന.

രാജാ—എൻെറയും. ഇന്നു് അത്താഴം കഴിഞ്ഞ കല്ലൂർ നമ്പൂതിരിപ്പാട്ടുമായി ഭവതിയെക്കുറിച്ചു ചിലതെല്ലാം സംസാരിച്ചു തോണിക്കളിയായി കടലിലിറങ്ങിയപ്പോൾ ആ കളി "ദേവീദൎശന"ത്തിൽ പയ്യവസാനിക്കുമെന്നു വിചാരിക്കയുണ്ടായില്ല. ഇങ്ങിനെ ഹിതം അറിഞ്ഞു് പ്രവത്തിച്ച അദ്ദേഹത്തോടു നമുക്കു രണ്ടുപേക്കും നന്ദി പറയുക.

"കാളിന്ദിതൻ പുളിനവും, കുളർ വെൺനിലാവും,
മേളിച്ച രാത്രികളുമുണ്ടിനി വേണ്ടുവോളം"

പാണിഗ്രഹണശേഷം രാജാവും തമ്പുരാട്ടിയും ദക്ഷിണകൊടുക്കാനെന്ന ഭാവത്തിൽ നമ്പൂതിരിപ്പാടിനെ അന്വേഷിച്ചു് തോണിയടുപ്പിച്ച സ്ഥലത്തേക്കു ചെന്നു.

## വിധിയും കൊതിയും *

നേരം പ്രഭാതമായി. കാക്കകളുടെ കകാരങ്ങളും ചെറുപക്ഷികളുടെ കളകളശബ്ദങ്ങളും ധാരാളം കേട്ടുതുടങ്ങി മകരത്തിലെ മരംകോച്ചുന്ന മഞ്ഞിൻെറ ശക്തിനിമിത്തം, പുലന്നാൽ ഭാൎയ്യ വീട്ടിലിരിക്കുന്നതു് പോരായ്മയാണെന്നു വിചാരിക്കുന്ന കാരണവന്മാരൊഴികെ ആരും പുറത്തിറങ്ങി സഞ്ചരിക്കാൻ തുടങ്ങീട്ടില്ല. വീടുകളിൽ ആളുകൾ താമസിക്കുന്നതിൻെറ അടയാളങ്ങൾ മുത്തശ്ശിമാ

* ലക്ഷ്മീഭായിയിൽ പ്രസിദ്ധപ്പെടുത്തിയതു്.

രുടെ കോൽവിളക്കും, വാതിൽ നീക്കലും, തൈരുകലക്കലും ധനാശിപാടലും മാത്രമേയുള്ളൂ. തിരുനാരായണപുരം ക്ഷേത്രത്തിലെ ശംഖനാദം അയൽവാസികളെ ജീവിതരണത്തിന്ന് വിളിക്കുന്നപോലെ മുഴങ്ങിത്തുടങ്ങി. വാരിയരും ശാന്തിക്കാരൻനമ്പൂതിരിയും ഉപജീവനത്തിന്നുവേറെ വഴിയില്ലാത്തതുകൊണ്ട് തണുത്തുവിറച്ച് ഹാജരായിട്ടുണ്ട്. ഒരുവിധം കാലക്ഷേപത്തിന്നു നിവൃത്തിയും, മനസ്സിന്നു സൈ്വരവും, ഉള്ളവരാരും പുതപ്പും പടിയും വിടാതിരിക്കുന്ന ഈ സമയത്ത് കുളിച്ച് ഈറനുടുത്ത് നാമം ജപിച്ചുകൊണ്ട് ഏകദേശം ഇരുപത്തഞ്ചുവയസ്സുപ്രായമായ ഒരു സ്ത്രീ മേൽപറഞ്ഞ ക്ഷേത്രത്തിലേക്കു തൊഴാൻവരുന്നതു് അധികപേരും കണ്ടിരിക്കാനിടയില്ല. പെരുമ്പറമ്പുദേശത്തു പ്രമാണിത്തത്തിലും പദവിയിലും കിടയില്ലാത്ത പാലക്കൊട്ടുതറവാട്ടിലെ പത്മാവതിയമ്മയാണ് അതു് എന്നു ആരും ശങ്കിക്കക്കൂടി ചെയ്യുന്നതല്ല. സച്ചിദാനന്ദസ്വരൂപൻെറ മറിമായങ്ങൾ ആരറിയുന്നു. ഈ ഘോരവ്രതം മുട്ടാതെ അനുഷ്ഠിക്കുവാൻ ഒരുങ്ങിയ ആ സതീരത്നത്തിൻെറ മനസ്സ് എന്തെല്ലാം വികാരവിചാരങ്ങൾക്കധീനമാണെന്ന് ആ ജഗദീശ്വരനുമാത്രം അറിയാം.

വന്ന ഉടനെ "വിളക്കു നല്ലവണ്ണം തെളിയിക്കണേ" എന്നു പറഞ്ഞു നൈ കൊണ്ടുവന്ന ഓടം നമ്പൂരിയുടെ മുമ്പിൽവെച്ചു. നമ്പൂരി അതെടുത്ത് ഉടനെ വിളക്കിൽ പകന്ന് ഒന്നുരണ്ടുപ്രാവശ്യം മണിമുട്ടി പ്രസാദം കൊണ്ടുവന്നു. പത്മാവതിയമ്മേ പ്രസാദം വാങ്ങി "കൃഷ്ണാ!

ഭക്തവത്സലാ! പ്രസീദ പ്രസീദ" എന്നു പറഞ്ഞു ചൂടി പോകാൻ പുറപ്പെട്ടു. ഒന്നുരണ്ടടി നടന്നു തിരിഞ്ഞുനിന്നു.

പത്മാ—ഓ! ഉള്ളതുതന്നെ; ഞാനിപ്പോഴംതന്നെ മറക്കുമായിരുന്നു. നാളെ മുതൽക്കു ഈശ്വരസേവതുടങ്ങണമെന്ന് വിചാരിക്കുന്നുണ്ടു്. വ്യാഴാഴ്ച്ചയാണ്; തിരുവോണവുമാണ്. അത്ര നല്ലദിവസം ഇനി ഉണ്ടാവില്ല. കിഴക്കേലെ ചിമ്മുണ്ണി പാൽ നേരത്തെ കൊണ്ടുവരും. പഞ്ചസാരയും നെയ്യും ഞാൻ തൊഴാൻവരുമ്പോഴം കൊണ്ടുവരാം. ഉണങ്ങലരിയുടെ കാര്യം ശങ്കുണ്ണിവാരിയരോടു ഇവിടുന്നുതന്നെ പറഞ്ഞേക്കു വാരിയത്തു പോയപ്പോഴം ആയാളെ കണ്ടില്ല. ഉച്ചക്കു അങ്ങോട്ടുവന്നാൽ നെല്ല് അളവുകൊടുക്കാമെന്നും പറഞ്ഞേക്കു.

നമ്പൂ—അതെല്ലാം വെടിപ്പാക്കാം. ഞാൻ കുറച്ചുദിവസമായി ചോദിക്കേണമെന്നു വിചാരിക്കുന്നു കുട്ടിരാമമേനോൻ നല്ല സുഖമില്ലാതെയാണു പോയതു് എന്നു കേട്ടു. പോയശേഷം വിവരം ഒന്നും ഇല്ലെന്നുണ്ടോ?

പത്മാ—ഇവിടുന്നെ! അദ്ദേഹത്തിന്നു യാതൊരു സുഖക്കേടുമില്ല. എല്ലാം എന്റെ കർമ്മം. ഈ നിലവരും എന്നു് ഞങ്ങഠം രണ്ടാളും ഓക്കാത്തതാണ്.

നമ്പൂ—ആഠം നല്ലക്ഷയാണ്. ശീലം അതിശാണ്. ഇങ്കിരീസുപഠിച്ചവരിൽ ഇത്ര ഒതുക്കവും ബ്രാഹ്മണഭക്തിയും സ്വഭാവഗുണവും ഉള്ളവർ ചുരുക്കം.

പത്മാ—അതുകൊണ്ടുതന്നെയാണ് ഇങ്ങിനെയൊക്കെ വന്നതു്. അദ്ദേഹത്തിന്നു ആരേയും മുഷിപ്പിക്കവെയ്യ.

ഇതെല്ലാം അമ്മയുടെ പിടുത്തമാണ്. കയ്പായാലും മധുരമായാലും ഇറക്കികഴിഞ്ഞാൽപിന്നെ ഛർദ്ദിപ്പിക്കാറുണ്ടോ?

നമ്പൂ—അതല്ല, കോട്ടേല് ആലോചനയുണ്ടെന്നുകേട്ടു. അടിയന്തരം ഒന്നുംകൂടാതെ കൂട്ടിക്കൊണ്ടുപോകയാണെന്നൊക്കെ സംസാരമുണ്ട്.

പത്മാ—അദ്ദേഹത്തിൻെറ സ്ഥിതിക്ക് അതിലൊന്നും അത്ഭുതമില്ല. അദ്ദേഹം ശുദ്ധനായതുകൊണ്ടു പലരും കൂടി ശല്യപ്പെടുത്തരുതെന്നേ പ്രാർത്ഥനയുള്ളു. പെററമ്മയോടു മറുത്തുപറവാൻ അദ്ദേഹത്തിനു കരളുറപ്പില്ല; എൻെറ യോഗം, എല്ലാററിനും ഈശ്വരനല്ലെ ആള്—പോട്ടെ—നാല്പത്തൊന്നു ദിവസം വേണം. തിരികെടാതെ സൂക്ഷിക്കണം.

ഉപേക്ഷിച്ചുവെന്നു ഭർത്താവിൽ നിന്നു നേരിട്ട് അറിയാത്തതിനാൽ അമ്മയെ സമാധാനിപ്പിക്കാൻ തൽക്കാലം തന്നെ വീട്ടിലാക്കിപ്പോയതാണെന്നു ധരിച്ച പത്മാവതിഅമ്മക്കു കുട്ടിരാമമേനവൻെറ സംബന്ധാലോചനാവർത്തമാനം മനസ്സിൽ ഇടിത്തീ വീണതു പോലെയായി ഭർത്താവറിയാതെയായിരിക്കുമൊ ഈ ആലോചന എന്നു സംശയിച്ചു ഏതുവിധമായാലും തൻെറ പ്രാണപ്രിയന്ന് തന്നോടുള്ള നിഷ്കളങ്കപ്രേമത്തിന്നു ഒരു നാളും ഹാനിവരുന്നതല്ലെന്നുള്ള വിശ്വാസവും, ദുഷ്കാലംകൊണ്ടു ഇങ്ങിനെയൊക്കെ വന്നതാണെന്നുള്ള സമാധാനവും, മാത്രമേ ആ എരിപൊരികൊള്ളുന്ന സാദ്ധ്വീഹൃദയത്തിന്ന് ആശ്വാസം കൊടുത്തുള്ളൂ.

2.

വീട്ടിൽ വന്ന് കഞ്ഞികുടിയും കഴിഞ്ഞു മററുള്ളവരുമായി വത്തമാനം പറഞ്ഞിരിക്കുമ്പോൾ പത്മാവതിയമ്മക്കു ഒരു റജിസ്ത്രൂ കത്തു് തപാൽശിപായി കൊണ്ടുവന്നു കൊടുത്തു. കുട്ടിരാമൻമേനോൻെറ കയ്യക്ഷരം കണ്ടറിഞ്ഞു ഉടനെ പൊളിച്ചുനോക്കി. എഴുത്തിനുപകരം അതിൽ ഒരു രശീതിയാണു കണ്ടതു്. പത്മാവതിയമ്മയുടെ പേരിൽ കുട്ടിരാമൻമേനോൻ ബാങ്കിലിട്ട 1000 കയുടെ രശീതിയായിരുന്നു അതു. ഇതു കണ്ടപ്പോൾ പത്മാവതിയമ്മയ്ക്കുണ്ടായ വ്യസനം ഇത്രയാണെന്ന് വായനക്കാർ ഊഹിക്കയാണുത്തമം. കുട്ടിരാമൻമേനോൻ സംബന്ധം മാററുവാനുദ്ദേശിക്കുന്നില്ലെങ്കിൽ ഇങ്ങിനെ ചെയ്തതിൻെറ അത്ഥം ആ പാവത്തിനു മനസ്സിലായില്ല. അതല്ല തൻെറ ഭത്താവായിരിക്കുന്നില്ലെന്നു വരുന്നപക്ഷം അദ്ദേഹത്തിൻെറ വകയായുള്ള ഈ സംഭാവന അനുഭവിക്കുന്നതും ഉചിതമല്ലെന്നു തീച്ച്യാക്കി. ഉടനെതന്നെ ഒരെഴുത്തു് അടക്കം ചെയ്തു അതു മടക്കിയയച്ചു. കത്തിലെ വാചകം ഇങ്ങിനെയായിരുന്നു.

“ഞാൻ പണം മാത്രം മോഹിക്കുകയുണ്ടായിട്ടില്ല. ഒരുവിധം കഴിഞ്ഞുകൂട്ടുവാൻ അച്ഛനും കാരണവന്മാരും തന്നിട്ടുണ്ടു്. ആളുണ്ടെങ്കിൽ പണവുമുണ്ടാകും. സുഖമായിരിക്കുന്നു എന്നു കേൾപ്പാൻ ജഗദീശ്വരനെ പ്രാത്ഥിക്കുന്നു...” എന്ന് ...

കത്തു തപാലിൽ ഇടുവാൻ അയച്ചതിനുശേഷം പ

ത്മാവതി തനിക്കുവന്ന അവസ്ഥാന്തരത്തെക്കുറിച്ച് ആലോചിച്ചിരിപ്പായി.

പത്മാവതിയമ്മയ്ക്ക് ഈ നില വരുവാനുള്ള കാരണം കുറച്ചുകൂടി വിസ്തരിക്കേണ്ടതുണ്ട് തന്റെ അച്ഛൻ പാറക്കൽ കോമുമേനോൻ മരിച്ചിട്ട് കുറച്ചുകാലമായിരിക്കുന്നു. കുട്ടിരാമൻമേനോൻ കോമുമേനോന്റെ ഏകസഹോദരിയായ കുഞ്ഞിക്കാളിയമ്മയുടെ മകനാണ്. ഇവർ തമ്മിൽ കുട്ടിക്കാലംമുതൽക്കേ കളിച്ചുവളന്നു ക്രമേണ സ്നേഹം മുഴുത്തു ദമ്പതിമാരായിത്തീൎന്നതാണ്. വിവാഹം കഴിഞ്ഞിട്ട് ഇപ്പോഴേക്ക് ഏഴെട്ടുകൊല്ലമായി ആദ്യംതന്നെ കുഞ്ഞിക്കാളിയമ്മയ്ക്ക് ഈ സംബന്ധം സമ്മതമല്ലായിരുന്നു. ജ്യേഷ്ഠനുള്ള കാലത്തോളം വിരോധം ഉള്ളിലടക്കേണ്ടിവന്നു. അദ്ദേഹം മരിച്ചതിന്നുശേഷം സംബന്ധം മാററിക്കാനുള്ള ഉത്സാഹങ്ങളായി. പത്മാവതിയമ്മയ്ക്ക് കുററങ്ങളുണ്ടാക്കി ഒന്നിനു പത്തായി വൎണ്ണിച്ച് മകന്റെ ചെവിട്ടിലൂതിയൂതി അയാൾ ഭ്രാന്തുപിടിക്കാറായിരിക്കുന്നു. മറെറാന്നുമല്ല ദ്വേഷ്യത്തിന്നുകാരണം. ജ്യേഷ്ഠന്റെ സമ്പാദ്യം മുക്കാലും മക്കൾക്കുതന്നെ കൊടുത്തിരിക്കുന്നു. ഇനി മകനും അതുതന്നെയല്ലെ ഭാവം എന്നു വിചാരിച്ചിട്ടുള്ള "കണ്ണുകടി"തന്നെ. സോദരന്റെ പകുതി മുതലിന്നെങ്കിലും അവകാശിയായിത്തീരുമെന്നു വിചാരിച്ച തനിക്ക് അദ്ദേഹം കാണുവാൻമാത്രം ഒന്നും കൊടുത്തിട്ടുമില്ല. മകനെ പഠിപ്പിച്ചു ബി. ഏ. പാസ്സാക്കിയത് ആങ്ങള ചെയ്യേണ്ടുന്ന മുറകളിൽ ഒന്നായിയെന്നല്ല, അതു

തൻെറ പേരിലുള്ള സ്ഥായികൊണ്ടാണെന്ന ആയമ്മ തെററിദ്ധരിച്ചിട്ടുമില്ല. പത്മാവതിയമ്മയെ കഴിയുന്നത്ര ദ്രോഹിക്കുവാൻതുടങ്ങി. ഭർത്താവിൻെറ അമ്മ വല്ല സുഖക്കേടുമായി കിടപ്പിലായാൽ സദാ ശുശ്രൂഷക്ക സന്നദ്ധയായിരുന്ന പത്മാവതിയമ്മക്കു് സമ്മാനമായി കിട്ടിയിരുന്നതു് "മെലിഞ്ഞു് എല്ലുമാത്രം ശേഷിച്ചിരുന്ന കാലുകൊണ്ടു് ചവിട്ടും, ഈ ഏറയെ തൊട്ടതിന്നുശേഷം അവനും കരുത്തംകെട്ടു" എന്ന മുള്ളു വാക്കുമായിരുന്നു. ആ സാധു ഇതെല്ലാം സഹിക്കയല്ലാതെ ഒരിക്കലും ദുർമ്മുഖം കാണിക്കാറില്ല. അമ്മയുടെ നിർബന്ധം നിമിത്തം കുട്ടിരാമൻമേനോൻ തൻെറ പ്രേമഭാജനത്തെ വീട്ടിലാക്കിപോയിട്ടു് ഏകദേശം രണ്ടുകൊല്ലമായി. വിവരത്തിന്നു് ഇടക്കിടയ്ക്കു് എഴുത്തയക്കലും പതിവില്ലാതെയായി. അങ്ങിനെ ഇരിക്കുമ്പോഴാണ് രശീതിയുടെ വരവ്. എല്ലാംകൊണ്ടും മനസ്സുമടുത്തു് പത്മാവതിയമ്മ ഇപ്പോൾ ഈശപരഭജനം തുടങ്ങിയിരിക്കയാണ്. രാവിലെ കുളിച്ചു തിരുനാരായണപുരംക്ഷേത്രത്തിൽപോയി ഭഗവാനെ വന്ദിച്ചു്, വരുംവഴിക്കു കാണുന്ന ആലും തുളസിയും വലംവെച്ചല്ലാതെ ജലപാനമില്ല. തിങ്കളാഴ്ച നോൽമ്പു മുതലായ വ്രതങ്ങൾകൊണ്ടു് രണ്ടുനേരം അന്നം കഴിക്കുന്നദിവസം വളരെ ചുരുക്കമാണ്. ദേഹം നന്നെ മെലിഞ്ഞിരിക്കുന്നു. നാട്ടുകാരും വീട്ടുകാരും "ഭർത്താവില്ലെങ്കിൽ ആ സുഖം വേണ്ടെന്നല്ലാതെ ഇങ്ങിനെ പട്ടിണി കിടന്നു് ആരെങ്കിലും ചാവാറുണ്ടോ?" എന്നു പലപ്പോഴും ചോദിക്കും. അതിന്നു സമാധാനം "സ്ത്രീയായി ജനിച്ചാൽ അതിനൊത്തവണ്ണം

ഇരിക്കാൻ കഴികയില്ലെങ്കിൽ പിന്നെ മരിക്കയാണ് നല്ല ത്. ഈശ്വരനെ ഭജിച്ചാൽ ഇനിയത്തെ ജന്മമെങ്കിലും നന്നാവുമല്ലൊ" എന്നായിരുന്നു. ഭർത്താവിൽ തനിക്കുള്ള വിശ്വാസത്തിന്നു ഇപ്പോഴും ഒട്ടും കുറവുവന്നിട്ടില്ല. നിത്യ കർമ്മങ്ങൾക്കുശേഷം പ്രാണവല്ലഭന്റെ കോമളവിഗ്രഹം ധ്യാനിച്ച് സമാധിസൌഖ്യം അനുഭവിക്കയാണ് പതിവ്. സർവ്വസാക്ഷിയായ ഭഗവാൻ, ഭർത്താവോടുകൂടിയിരിക്കുവാൻ ഇനിയും സംഗതിവരുത്തുമെന്നു ആഗ്രഹിച്ചുകൊണ്ടുതന്നെയാണ് ആ പതിവ്രത ദിവസം കഴിച്ചുകൂട്ടുന്നത്. അതിന്നു യോഗമില്ലെങ്കിൽ മരണംവരെ തിരുനാരായണപുരത്തപ്പന്റെ ദാസ്യം അംഗീകരിക്കുവാനും ആ ചാരിത്രശാലിനി ഉറച്ചിരിക്കുന്നു.

3

കുഞ്ഞിക്കാളിയമ്മയും ഉദ്ദേശസിദ്ധിക്കായി ഉത്സാഹങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. കോട്ടയിൽ സംബന്ധം നിശ്ചയിച്ച്, ഒരു മാസത്തെ കല്പനയെടുത്തുവരാൻ മകന്ന് എഴുതി. കുട്ടിരാമൻമേനോൻ ഇപ്പോൾ മധുരയിൽ സബ്റജിസ്ത്രാറാണ്. കത്തുകിട്ടിയപ്പോൾ അദ്ദേഹത്തിന്റെ കാര്യം "എടുക്കാനും കൊടുക്കാനും" ഇല്ലാതായി. താൻ ബാല്യംമുതൽക്കേ സ്നേഹിച്ചുവന്ന പത്മാവതി ഈ വർത്തമാനം കേട്ടാൽ വല്ല കടുംകയ്യും പ്രവർത്തിച്ചെങ്കിലൊ എന്ന ഭയവും, അമ്മയുടെ ഇഷ്ടംതെററി നടക്കുന്നതു മഹാപാതകമാണെന്നുള്ള വിചാരവുംകൂടി അദ്ദേഹത്തിനെ വല്ലാതെ കുഴക്കി. അമ്മക്കു ഇഷ്ടമില്ലെങ്കിൽ കുറെക്കാലം പിരിഞ്ഞിരിക്കാമെന്നല്ലാതെ തന്റെ ജീവിത

സർവ്വസ്വത്തിനെ ഉപേക്ഷിക്കണമെന്നു ആ ശുദ്ധാത്മാവു സ്വപ്നേപി വിചാരിച്ചിട്ടില്ല. തൻെറ സമ്മതംകൂടാതെയും തന്നോടു ആലോചിക്കാതെയും സംബന്ധം തീൎച്ചയാക്കിയതിൽ കലശലായ ദ്വേഷ്യവും തോന്നാതിരുന്നില്ല. അമ്മയുടെ താളത്തിന്നു ചൊല്ലിയാടി ചൊല്ലിയാടി മുട്ടുമറിഞ്ഞതല്ലാതെ അമ്മക്കു തൃപ്തിയൊ തനിക്കു സ്വൈരമോ ഇതുവരെ ഉണ്ടായിട്ടില്ല. ഇനി ഇങ്ങിനെ നട്ടംതിരിയുവാൻ കഴികയില്ലെന്നുറച്ചു വേണ്ടതിലും വേണ്ടാത്തതിലും കടന്നുചാടി ബുദ്ധിമുട്ടിച്ചാലത്തെ ഫലം അമ്മയേയും വീട്ടുകാരേയും അറിയിപ്പിക്കേണമെന്നു കരുതി രാജ്യംവിട്ടു പോവാനൊരുങ്ങി. ഒരു കൊല്ലത്തേക്കു കല്പനയും വാങ്ങി. അമ്മക്കു താഴെ കാണുന്നപ്രകാരം ഒരു മറുവടിയും അയച്ചു.

മധുര

8—10—17.

ശ്രീ.

"എഴുത്തുകിട്ടി. എന്നോടു ഒരു വാക്കുപോലും ആലോചിക്കാതെ സംബന്ധം തീൎച്ചപ്പെടുത്തിയതിൽ വളരെ വ്യസനിക്കുന്നു. എൻെറ ഇഷ്ടപ്രകാരമുണ്ടായ വേൾച്ച തുടരുവാൻ അമ്മ അനുവദിക്കാത്തപക്ഷം ഇനി ഈവക സുഖങ്ങളെല്ലാം ഉപേക്ഷിക്കുവാൻ തീൎച്ചയാക്കിയിരിക്കുന്നു. ഇതുവരെ അമ്മക്ക് അഹിതമായി ഞാൻ യാതൊന്നും പ്രവൎത്തിക്കയുണ്ടായിട്ടില്ല. ഇപ്പോൾ ഒന്നാമതായി അമ്മയുടെ വാക്കിന്നെതിരായി പറയേണ്ടിവന്നതിലും വലുതായ സങ്കടമുണ്ട്. എല്ലാം ദൈവകല്പിതം. പത്മാവ

തി എൻെറ ഭാൎയ്യയായിരിക്കുന്നതിൽ അമ്മക്കു് ഇഷ്ടമി ല്ലെങ്കിലും എൻെറ സുഖത്തിന്നു വേണ്ടി എന്തും ചെ യ്യാൻ സന്നദ്ധയായ ആ പാവത്തിനോടു യാതൊരു പ കയും ഉള്ളിൽ വെക്കാതിരിക്കണം. പ്രപഞ്ചസുഖം കാംക്ഷിച്ചതുകൊണ്ടു് എനിക്കു ഇതുവരെ ശല്യങ്ങളേ ഉ ണ്ടായിട്ടുള്ളൂ. ഇനിമേൽ ഇതിലൊന്നും മനസ്സുവെക്കാതേ, പരലോകത്തിലെങ്കിലും ഗതികിട്ടാനായി സന്ന്യാസവൃത്തി അവലംബിച്ചു്, ദേശാടനംകൊണ്ടു കാലം കഴിക്കാനും ഉ റച്ചിരിക്കുന്നു. നാളെ ഇവിടം വിടുന്നതാണു്.

എൻെറ പേരിൽ യാതൊരു അതൃപ്തിയും തോന്നാ തെ നന്നായിവരാൻ പ്രാൎത്ഥിക്കേണമെന്നു വീണ്ടും വീ ണ്ടും അപേക്ഷിക്കുന്നു."

എന്നു് എൻെറ അമ്മ അറിവാൻ സ്വന്തം
കുട്ടിരാമൻ.

ഇതു കുഞ്ഞിക്കാളിയമ്മയ്ക്കു് നല്ലൊരു ശല്യം തറച്ച പോലെയായിരിക്കുന്നു. സംബന്ധം നിശ്ചയിച്ച ദിവസം ആൾ പോവാതിരുന്നാൽ അവൎക്കും തൻെറ വീട്ടുകാൎക്കും അപമാനമായി. മകൻെറ മറുപടി വന്നാൽ എത്രത്തോ ളം വട്ടംക്രൂട്ടണമെന്നു് അറിയിപ്പിക്കാമെന്നു താൻ ഏ റ്റിട്ടുണ്ടായിരുന്നു. വിവരം അറിയുവാൻ വൈകി, കോട്ട യിൽനിന്നു ഒന്നുരണ്ടു കുറി ആൾ വന്നുപോയിരിക്കുന്നു. ഇനി ആൾ വന്നാൽ എന്താ സമാധാനം പറയേണ്ടതു എന്നു നിശ്ചയമില്ലാതായി. മകൻ താൻ പറഞ്ഞതു കേൾക്കുന്നില്ലെന്നു വന്നാൽ പിന്നെ റജിസ്ട്രാറുടെ അ മ്മ എന്ന നിലയിൽ നാട്ടുകാൎക്കുള്ള ബഹുമാനവും ചുരു

ങ്ങം. ആവഴിക്കുള്ള സമ്പാദ്യവും കുറയും. ഇതെല്ലാം വിചാരിച്ച് ഒതുങ്ങിയിരിക്കുവാൻ ആയമ്മയുടെ ആത്മഗൎവ്വം അനുവദിക്കുന്നതുമില്ല. അതും വേണം ഇതും വേണം എന്നൊക്കെ ഇനി എഴുതാൻ നിവൃത്തിയില്ല. പോകരുതെന്നു കമ്പിയടിച്ചാലോ എന്നു വിചാരിച്ച് കുട്ടികളെ വിളിച്ചപ്പോൾ ആരെയും കണ്ടില്ല. ദേഷ്യവും സങ്കടവും സഹിക്കവയ്യാതെ അങ്ങോട്ടും ഇങ്ങോട്ടും ഓടിനടന്ന് കണ്ണിൽ കണ്ടതെല്ലാം തട്ടിമറിച്ച് ഒടുവിൽ കുളിക്കുവാൻ പോയി. കുളികഴിഞ്ഞുവരുമ്പോൾ അടുത്തുള്ള അമ്പലത്തിൽപോയി തൊഴുതു മകൻെറ ബുദ്ധി നന്നാവാനായി ഒരു "വിളക്കും മാലയും" നേൎന്നുപോന്നു. ഉച്ചതിരിഞ്ഞു കോട്ടയിൽക്കാർ വരുമെന്ന് പറഞ്ഞ സമയത്തിന്നുമുമ്പായി, അനുജത്തിയുടെ ഭൎത്താവിൻെറ വീട്ടിലേക്കു യാത്രയായി.

4

ഈശ്വരസേവതുടങ്ങീട്ടു നാല്പത്തൊന്നുദിവസമായി. ഭൎത്താവിൻെറ ഒരെഴുത്തെങ്കിലും കിട്ടാനായി പത്മാവതി അമ്മ ദിവസേന പ്രാൎത്ഥിക്കാറുണ്ടായിരുന്നു. അന്നും അമ്പലക്കുളത്തിൽ "ഓലോലം മുങ്ങി"നിന്ന്. "ഈശ്വരാ! ഇന്നു ഒരു വിവരമെങ്കിലും അറിയിച്ചുതരണെ. ഈ സാധുവിൻെറ കഷ്ടപ്പാടുകളെല്ലാം അവിടുന്നു കാണുന്നില്ലെ?" എന്നു ഭക്തിപുരസ്സരം പ്രാൎത്ഥിച്ചു. കുളി കഴിഞ്ഞു കയറുമ്പോൾ ചിമ്മുണ്ണി പാലുംകൊണ്ടു വരുന്നു. പത്മാവതി അമ്മയെ കണ്ടപ്പോൾ അവളൊന്നു ചിരിച്ചു കടവിലേക്ക് ഓടിവന്നു.

ചിമ്മുണ്ണി—സേവിച്ചതിന്നു ഫലമുണ്ടായി. കോട്ടയിൽ സംബന്ധം തുടങ്ങുന്നില്ലെന്നായി മൂപ്പരുടെ എഴുത്തുണ്ടായിരുന്നുവെന്ന് ഇന്നലെ അവർ വന്നപ്പോൾ പറഞ്ഞു. അതു അമ്മയെ വിചാരിച്ചിട്ടുതന്നെയല്ലെ?

പത്മാ—ശങ്കരൻനായർ ഇന്നലെ വന്നിരുന്നുവൊ? എനിക്കു ആയാളെ ഒന്നു കാണേണ്ടിയിരുന്നു. പിന്നെ വല്ലതും വിശേഷിച്ചുണ്ടൊ? ഞാൻ ജീവനോടുകൂടി ഇരിക്കുമ്പോൾ സംബന്ധം വേറെ തുടങ്ങില്ലെന്നു എനിക്കറിയാം. എന്നുവരും എന്നറിയിച്ചിട്ടുണ്ടൊ?

ചിമ്മു—ആ കാൎയ്യമാണ് കഷ്ടപ്പമായത്. ഒരു കൊല്ലം "കാശിരാമേശ്വരം" പോകയാണത്രെ. ഇനിയെങ്കിലും അമ്മയെ കൂട്ടിക്കൊണ്ടുപോകരുതേ? കുഞ്ഞിക്കാളിഅമ്മ ദേഷ്യപ്പെട്ടു പാച്ചിലായിരിക്കുന്നുവത്രെ.

പത്മാ—എന്നാൽ വിവരം എന്നേയും അറിയിക്കാതിരിക്കുമൊ? ശങ്കരൻനായരോടു ഇവിടുത്തോളം വരാൻപറ. എനിക്കു ഇനിയും ചിലതൊക്കെ ചോദിക്കാനുണ്ട്.

ചിമ്മു—അവർ രാവിലെ പോയി. (ചിരിച്ചുകൊണ്ട്) വൈകുന്നേരം വരും; അപ്പോൾ പറയാം.

തൊഴുതു നമ്പൂരിക്കു ദക്ഷിണയും കൊടുത്ത് പത്മാവതിയമ്മ വീട്ടിലേക്കു വളരെ വേഗത്തിൽ നടന്നു. ഉള്ളിലുള്ള സന്തോഷം അടക്കാൻ വയ്യാതെ നേരിട്ടു കത്തുണ്ടാകുമെന്നു വിശ്വസിച്ച്, അതു കാണുവാനുള്ള ബദ്ധപ്പാടോടുകൂടി അമ്പലത്തിലെ ചടങ്ങുകളെല്ലാം വേഗത്തിൽ അവസാനിപ്പിച്ചു. നിത്യം നാല്പതിനൊന്നു വലംവെച്ചിരുന്ന ആൾ അന്നു ഒരോട്ടപ്രദക്ഷിണംകൊണ്ട് മ

തിയാക്കിയതുകണ്ടു് ആലുംകൂടി ഇലവിറപ്പിച്ചു് ചിരിക്കുവാൻ തുടങ്ങി. വീട്ടിൽ വന്നു് സന്തോഷവൎത്തമാനം എല്ലാവരോടും പറഞ്ഞു. ഒരു കൊല്ലം സഞ്ചാരമെന്നൊക്കെ അമ്മയെ കളിപ്പിക്കാൻ പറഞ്ഞതായിരിക്കുമെന്നും ഉടനെ വരുമെന്നും വിചാരിച്ചു. തളത്തിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നു കിളിവാതിലിൽകൂടി തപാൽശിപായി വരുന്നുണ്ടോ എന്നു ഇടക്കിടെ നോക്കിക്കൊണ്ടിരുന്നു. കുറച്ചുനേരം കഴിഞ്ഞു ക്ഷമയില്ലാതെയായി മുകളിൽപോയി തന്റെ പ്രാണപ്രിയൻ മുമ്പയച്ച കത്തുകളെല്ലാം എടുത്തുവായിക്കുവാൻതുടങ്ങി. താൻ ജീവനോടുകൂടി ഇരിക്കുന്ന കാലത്തോളം അന്യസ്ത്രീയെ സ്മരിക്കപോലും ചെയ്യില്ലെന്നും മററും വിവാഹത്തിന്നു മുമ്പയച്ച എഴുത്തുകളും അക്കൂട്ടത്തിലുണ്ടായിരുന്നു. അതെല്ലാം വീണ്ടും വീണ്ടും വായിച്ചു. അപ്പോഴക്കു കുഞ്ഞിക്കുട്ടൻ ഓടിവന്നു് ഇതാ! "ഏട്ടത്തിക്കു് ഒരു കത്തു്" എന്നു പറഞ്ഞു കൊടുത്തു. എഴുത്തു കുട്ടിരാമൻമേനവന്റേതായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. വേഗം പൊളിച്ചു താഴെ കാണുന്നപ്രകാരം വായിച്ചു.

മധുര

ശ്രീ.

അല്ലയോ പ്രാണപ്രിയേ!

രണ്ടുകൊല്ലം അനുഭവിച്ച കഷ്ടപ്പാടുകൾ കാലദോഷംകൊണ്ടു വന്നതാണെന്നു വിചാരിച്ചു് എന്നോടു പരിഭവിക്കാതിരിക്കണം. കളിച്ചുവളൎന്ന പ്രേമവും, തെളിഞ്ഞുവന്ന രാഗവും മറന്നുകളയുന്ന കൂട്ടത്തിലല്ല ഞാനെന്നു്

അനുഭവമുള്ളതാണല്ലോ. രശീതി മടക്കി അയച്ചതും എഴുത്തയക്കാതിരുന്നതും, നാട്ടിൽ പാട്ടായാൽ അമ്മയുടെ ചെകിട്ടിലും എത്താതിരിക്കയില്ലെന്നു കരുതിച്ചെയ്തുപൊടിക്കയ്യാണ്. വേറെ യാതൊന്നും തെററിദ്ധരിക്കേണ്ട. വീട്ടുകാരെയും അമ്മൂട്ടിയേയും പഠിപ്പിക്കാനായി ഒരു കൊല്ലം സഞ്ചാരം വേണമെന്നുദ്ദേശിക്കുന്നു. അതുവരെ ക്ഷമിക്കൂ ഈശ്വരകാരുണ്യമുണ്ടെങ്കിൽ പിന്നെ യഥാപൂർവ്വം സുഖിച്ചിരിക്കാം. കഴിഞ്ഞ കഥയൊക്കെ മറക്കേണമെന്ന് വീണ്ടും പറഞ്ഞുകൊള്ളുന്നു. വിവരങ്ങൾ ഇടയ്ക്കിടക്ക് എഴുതി അയക്കാം.

എന്ന്, പത്മാവതിക്ക്

സ്വ. കുട്ടിരാമൻമേനോൻ.

ഇതു വായിച്ചപ്പോൾ പത്മാവതിഅമ്മക്കുണ്ടായ പരമാനന്ദം പറഞ്ഞറിയിക്കാൻ പ്രയാസം.

5

നിശ്ചയിച്ച ദിവസം സംബന്ധം നടക്കാത്തതിനാൽ കോട്ടയിൽക്കാക്കുണ്ടായ അവമാനം ചില്ലറയൊന്നുമല്ല. കോട്ടയിൽക്കാർ പാലക്കൽതറവാട്ടുകാർ—പ്രത്യേകിച്ച് കുട്ടിരാമൻമേനോൻ—നശിക്കുവാൻവേണ്ടി ദുർമ്മന്ത്രവാദങ്ങളും മാരണങ്ങളും ചെയ്യിച്ചുതുടങ്ങി. കൈക്കൂലി വാങ്ങിയ സംഖ്യക്കു അന്യായം ഫയലാക്കുമെന്നു ഭീഷണിപ്പെടുത്തുകയാൽ മനമല്ലാ മനസ്സോടുകൂടി കുഞ്ഞിക്കാളി അമ്മ മടക്കിക്കൊടുത്തു. പണം എടുത്തു കോണി ഇറങ്ങുമ്പോൾ കുഞ്ഞിക്കാളിഅമ്മ കാലുതെററി വീണു. എഴുനീൽക്കുവാൻ വയ്യാതെ കിടപ്പിലും ആയി. ഇതു ദുര

കൊണ്ടു താൻ ചെയ്ത അക്രമങ്ങൾക്കുള്ള ദൈവശിക്ഷ യായിരിക്കുമൊ എന്നു ശങ്കിക്കുവാനും തുടങ്ങി. എണ്ണയും, കുഴമ്പും കാച്ചി എടവിടാതെ ഉഴിഞ്ഞിരുന്നതുകൊണ്ടു് അധികം കിടക്കേണ്ടിവന്നില്ല. ഒന്നരണ്ടു് ആഴ്ചകൊണ്ടു് ആശ്വാസമായി.

ഇങ്ങിനെ ഇരിക്കുമ്പോഴാണു മദിരാശിയിൽനിന്നു കുട്ടിരാമൻമേനോൻ "അത്യാസന്നം" ദീനമായി ആസ്പത്രിയിൽ കിടക്കുകയാണെന്നു കമ്പികിട്ടിയത്. കുട്ടിരാമൻ മേനോൻ സഞ്ചാരത്തിന്നൊരുങ്ങി മധുരയിൽനിന്നു മദിരാശി എത്തി വണ്ടി ഇറങ്ങി മനോരാജ്യത്തിൽ മുങ്ങി അങ്ങോട്ടും ഇങ്ങോട്ടും നോക്കാതെ നിരത്തിന്മേൽക്കൂടെ നടന്നുതുടങ്ങി. വേഷം സന്ന്യാസിയുടേതായിരുന്നുവെങ്കിലും വിചാരം സംസാരിയുടേതായിരുന്നു. പത്മാവതി അമ്മയുടെ കരളലിയിക്കുന്ന കണ്ണും മുഖവും ആയാളുടെ മനസ്സിൽ പ്രകാശിച്ചു തിളങ്ങുന്നു. ഇന്നേവരെ യാതൊരപ്രിയവും ചെയ്തിട്ടില്ലെന്നു തന്നെയല്ല "മന്ദിരംതന്നിൽ ഞാൻ ചെന്നുകൂട്ടംവിടൌ മന്ദസ്മിതംചെയ്തരികേവരും" എന്ന നിലയിലല്ലാതെ ഒരു നിമിഷമെങ്കിലും കണ്ടിട്ടില്ല അങ്ങിനെയിരിക്കുന്ന പ്രാണവല്ലഭയെ കുളിക്കാതെ ഈറൻചുമപ്പിക്കുന്നത് മഹാകഷ്ടംതന്നെ. ഇങ്ങിനെ ഓരോ വിചാരത്തോടുകൂടിയായിരുന്നു നടന്നിരുന്നതു്. ഒരു തെരുവിലെത്തിയപ്പോൾ പെട്ടെന്നു ഒരു മോട്ടാർകാർ വരലും മുട്ടലും ഒപ്പം കഴിഞ്ഞു. കുട്ടിരാമൻമേനോൻ ബോധമില്ലാതെ ഉടനെ നിലത്തു വീണു. ഡ്രൈവറുടെ സാമർത്ഥ്യംകൊണ്ടു വണ്ടി മേൽകയറാതെ കഴിച്ചുകൂട്ടി. ആളു

കാം ഒഴിഞ്ഞു നിൽക്കുവാനായി പുറപ്പെടീച്ചിരുന്ന ശബ്ദമൊന്നും ഗ്രഹപ്പിഴകൊണ്ട് നമ്മുടെ "മനോരാജ്യസഞ്ചാരി" കേട്ടില്ല. ഉടനെ ആസ്പത്രിയിൽ കൊണ്ടുപോയി പരിശോധിച്ചുനോക്കിയപ്പോഠം മരിക്കത്തക്ക അപായമൊന്നുമില്ലെന്നു കണ്ടു. തലക്കു പററിയ മുറിയിൽനിന്നു രക്തം ധാരയായി ഒഴിഞ്ഞിരുന്നത് പെട്ടെന്നു ഒരു മരുന്നുവെച്ച് ഡോക്ടർ നിത്തി. വൈകുന്നേരമായപ്പോഴക്കു കലശലായ പനിയും തുടങ്ങി. പിറെറന്നു രാവിലെക്കു കഷ്ടിച്ചു ബോധം തെളിഞ്ഞു. ഉടനെ അടുത്തുനിന്നിരുന്ന വാലിയക്കാരൻ കൃഷ്ണനെ വിളിച്ച് അമ്മയ്ക്കും മററും കമ്പി അടിക്കാനേല്പിച്ചു. അന്നു വൈകുന്നേരംതന്നെ പത്മാവതി അമ്മയെ കൊണ്ടുവരാനായി അവനെ നാട്ടിലേക്കയച്ചു.

കൃഷ്ണൻ പാലക്കാട്ടെത്തി പത്മാവതിഅമ്മയെ കണ്ടു വിവരംപറഞ്ഞു. അമ്മക്കു വലിയ പരിഭ്രമമായി വീട്ടുകാക്കൊന്നും അത്ര സമ്മതമുണ്ടായിരുന്നില്ലെങ്കിലും ആങ്ങളയേയും കൂട്ടി ഉടനെ പുറപ്പെട്ടു. മദിരാശി എത്തിയ ഉടനെ ആസ്പത്രിയിലെത്തി ഡോക്ടരോടു പ്രത്യേകം അനുവാദംവാങ്ങി കുട്ടിരാമൻമേനോൻ കിടക്കുന്ന മുറിയിലേക്കു ചെന്നു. പനി നല്ലവണ്ണം ഉണ്ടായിരുന്നതിനാൽ ഐസ്സ് തലക്കുകെട്ടി കിടക്കുകയായിരുന്നു. ഒരു ധാത്രി വന്നുനോക്കി പനി അധികമൊന്നുമില്ലെന്നു പറഞ്ഞു സമാധാനിപ്പിച്ചു മുറി കഴുകി കെട്ടുകയായിരുന്നു. അപ്പോഴാണു തൻെറ ജീവനായികയുടെ ഓമനമുഖം—വളരെ നാളായി സങ്കല്പത്തിൽമാത്രം കണ്ടുകൊണ്ടിരുന്ന ആ സുകുമാരവദനം—പ്രത്യക്ഷമായത്. കണ്ടപ്പോഠംതന്നെ മന

സ്സു വല്ലാതൊന്നു തണുത്തു. കുറെനേരം കണ്ണടച്ചു് ആ സുഖം അനുഭവിച്ചു. വീണ്ടും കണ്ണുതുറന്നു് ഒന്നും സംസാരിക്കാൻ ശക്തനാകാതെ വിരഹസങ്കടത്താൽ വാടി ശ്രീമാത്രം ശേഷിച്ച പത്മാവതിഅമ്മയുടെ മുഖത്തു നോക്കി കണ്ണിൽ വെള്ളംനിറച്ചു പശ്ചാത്താപം വന്ന അപരാധിയെപ്പോലെ ഒന്നുരണ്ടു നെടുവീൎപ്പിട്ടു. ഇതു കണ്ടു നിന്നിരുന്ന പത്മാവതിഅമ്മ സഹിക്കാൻവയ്യാതായപ്പോൾ അടുത്തുചെന്നു പനിനോക്കുന്ന ഭാവത്തിൽ കണ്ണിൽ വെള്ളം താൻ മേലിട്ട മുണ്ടുകൊണ്ടു തുടച്ചു അപ്പോൾ അറിയാതെ ഒരു തുള്ളിവെള്ളം തന്റെ കണ്ണിൽനിന്നും അദ്ദേഹത്തിന്റെ മുഖത്തുവീണു ഇത്രയും കണ്ടപ്പോൾ ആങ്ങളയും കൃഷ്ണനും സങ്കടംതോന്നി മാറിനിന്നു. ഉടനെ കുട്ടിരാമൻമേനോൻ പത്മാവതിഅമ്മയുടെ കൈപിടിച്ചു ശയ്യമേലിരുത്തി, തൊണ്ട ഇടറി ഞാൻ—ഞാൻ—എന്നു പറഞ്ഞു അവിടുന്നങ്ങോട്ടു സംസാരിക്കാൻ സമ്മതിക്കാതെ പത്മാവതിഅമ്മ—അപരാധിയല്ലെന്നു് എനിക്കറിയാം. പിന്നെ എന്തിന്നു വ്യസനിക്കുന്നു.

കുട്ടി—എന്റെ നേരെ യാതൊരു സുഖക്കേടും തോന്നരുത് എല്ലാം ഈശ്വരേച്ഛ.

പത്മാ—സംസാരിച്ചു ക്ഷീണിക്കേണ്ട (കുട്ടിരാമൻമേനോന്റെ മാറത്തു് കൈവച്ചുകൊണ്ടു്) ഈ മനസ്സു് എന്റേതാണെന്നു എനിക്കറിയാം. ഭൎത്താവിന്റെസന്തോഷംമാത്രം കാംക്ഷിക്കുന്ന ഒരു സ്ത്രീക്കു (പതിവ്രതയ്ക്കു) വേറെ പ്രതിഫലമൊന്നും ആവശ്യമില്ല. തിരുനാരായണപുരത്തപ്പന്റെ സഹായംകൊണ്ടു് വേഗം ആശ്വാ

സമാവട്ടെ. പോരുമ്പോൾ ഉഴിഞ്ഞുകെട്ടീട്ടുണ്ട്. പിന്നെ കഴിഞ്ഞ കഥകളെല്ലാം പറവാൻ തുടങ്ങി അപ്പോഴെക്ക കുഞ്ഞിക്കാളിഅമ്മയും കൂട്ടരും എത്തി. അമ്മയെ കണ്ട ഉടൻ പത്മാവതിഅമ്മ സാഷ്ടാംഗം വീണു നമസ്കരിച്ചു മാറിനിന്നു.

കുഞ്ഞിക്കാളിഅമ്മ മകനെ തൊട്ട് "എൻെറ ഗുരുവായൂരപ്പ! ഒരാഴ്ചക്കുള്ളിൽ എല്ലാം സുഖമാവട്ടെ, എന്നാൽ ഒരത്താഴം കഴിച്ചുകൊള്ളാം." എന്നു പ്രാൎത്ഥിച്ചു ഉഴിഞ്ഞുകെട്ടി

കുഞ്ഞി—കുട്ടാ—മനസ്സിൽ യാതൊരു വിചാരവുംവേണ്ട. എല്ലാം നിൻെറ ഇഷ്ടംപോലെയാകട്ടെ എൻെറ കുട്ടിയുടെ ദീനം വേഗം മാറട്ടെ. പത്മാവതി ഒന്നിച്ചു തന്നെ നമുക്ക നാട്ടിലേക്ക പോവാം.

കുട്ടി—പത്മാവതിയെ അമ്മ തെററിദ്ധരിച്ചു.

കുഞ്ഞി—അതെല്ലാം പോട്ടെ. അവൾ ഗുരുത്വം ഉള്ളവളാണ്. വേണ്ട സമയത്ത് എത്തിയില്ലെ?

ഒരു മാസംകൊണ്ടു കുട്ടിരാമൻമേനോനു നല്ലവണ്ണം ആശ്വാസമായി. അവരെല്ലാവരും നാട്ടിലേക്ക പോന്നു.

---

# പ്രായശ്ചിത്തം *

## I

അന്നു രാവിലെ കുടക് രാജാവു പള്ളിക്കുറുപ്പുണൎന്നതു് ഒരു ശീലായ്മയോടുകൂടിയാണ്. തലേ ദിവസം രാത്രി ഒന്നു രണ്ടു പ്രാവശ്യം ഞെട്ടിയുണരുകയും ഉണ്ടായി രാ

* അരുണോദയം വിശേഷാൽ പ്രതിയിൽ പ്രസിദ്ധം ചെയ്തത്. 1928

ജാവിൻെറ അസ്വാസ്ഥതയിൽ അനാസ്ഥനായെന്നപോ
ലെ സൂൎയ്യഭഗവാൻ പതിവുപോലെ ഉദിച്ചു പൊന്തിക്ക
ഴിഞ്ഞു. നാലഞ്ചുനാഴിക പുലൎന്നിട്ടും പ്രാണനാഥൻ നീ
രാട്ടുകുളി മുതലായ ദിനകൃത്യങ്ങളിൽ പ്രവേശിക്കാത്തതു
കണ്ടു് രാജ്ഞി മനസ്സമാധാനമില്ലാതെ പള്ളിയറയിലേ
ക്കു വീണ്ടും എഴുന്നെള്ളി ചിന്താഗ്രസ്തനായ രാജാവി
നെ കണ്ടിട്ടു് ഇങ്ങിനെ സ്നേഹാശങ്കയോടുകൂടി ചോദിച്ചു.

രാജ്ഞി—നാഥ! ദിനചൎയ്യയിൽ അങ്ങ് ഇങ്ങിനെ അമാ
ന്തം കാണിക്കാറില്ലല്ലോ.

രാജാവ് — പ്രിയെ! ഞാൻ ഇന്നലെ ചില ദുസ്വപ്നങ്ങൾ
കണ്ടു. രാവിലെ എഴുനീററപ്പോഴും ഒരു സുഖമില്ലായ്മ
തോന്നി. നമുക്കു എന്തൊ ആപത്തു വരുവാനടുത്തു
വെന്നു തോന്നുന്നു. എഴുനീററ ഉടനെ ഒരു ഗൌളി
മേൽഭാഗത്തുനിന്നു് എൻെറ കാക്കൽ വീണു ചത്തു.
ഇതൊരു ദുൎന്നിമിത്തമാണ്. ഞാൻ ഇൗവക യൊന്നും
വിശ്വസിക്കാറില്ലെങ്കിലും ഇന്നു് ഈ സംഭവം കണ്ട
തോടുകൂടി എൻെറ മനസ്സും സ്വാസ്ഥമാകുന്നില്ല.

രാജ്ഞി—അങ്ങയുടെ ഈ ഭീരുത്വമാണ് ആപൽസൂച
കമായിരിക്കുന്നതു്. ഇത്തരത്തിൽ അങ്ങ സംസാരിക്കു
ന്നതു് എനിക്കു് ഇതുവരെ കേൾക്കാൻതന്നെ ഇടയാ
യിട്ടില്ലല്ലോ. പല ആപത്ഘട്ടങ്ങളും നമുക്കു് ഉണ്ടാ
യിട്ടുണ്ടു്. അപ്പോഴെല്ലാം അങ്ങ് എന്നെ സമാധാനി
പ്പിക്കുകയാണല്ലോ പതിവ്. ഇപ്പോൾ മറിച്ചായല്ലൊ.

രാജാവ്—പ്രിയെ! ശത്രുക്കൾ നമ്മുടെ രാജ്യം കയ്യേറി
യെന്നും നാം രണ്ടുപേരും നിസ്സഹായരായി ഒരു കാ

ട്ടിൽ പെട്ടുവെന്നും അവിടേവെച്ചു ഞാൻ മരിച്ചുവെന്നമാണു് സ്വപ്നം കണ്ടതു്—

"സ്വപ്നം ചിലക്കു ചിലകാലമൊക്കു"മെന്നാണു് മഹാന്മാർ പറയുന്നതു്. കമ്പനിക്കാരും സാമൂതിരിയുമായി ഒരുടമ്പടിയുണ്ടായിട്ടുണ്ടെന്നും, അവർ ഇനി തിരിയുന്നതു നമ്മുടെ നേരേയാണെന്നും, ചാരന്മാർ മുഖേന ഇന്നലെ അറിവും കിട്ടി. സാമൂതിരിയും കമ്പനിക്കാരും യോജിച്ചാൽ നമുക്കു് അനൎത്ഥമാണു്. അവരെ അകററാനായിക്കൊണ്ടുള്ള എന്റെ ശ്രമം ഇതുവരെ ഫലിച്ചു. കാൎയ്യങ്ങളുടെ ഗതിയും സ്വപ്നവും ഏകദേശം ഒത്തുകാണുന്നു

രാജ്ഞി—വരുവാനുള്ളതു വഴിയിൽ തങ്ങില്ലല്ലോ ഈ ചാഞ്ചല്യം ഏതായാലും അങ്ങേക്കു വേണ്ടതല്ല—ധീരകൃത്യങ്ങൾക്കു സദാ സന്നദ്ധനായ അങ്ങക്കു് ഇതൊരു വിഘ്നമായിത്തീരുമെന്നു ഞാൻ ശങ്കിക്കുന്നു. ഈ അരവാളുള്ള കാലത്തോളം അങ്ങയുടെ ദേഹത്തിന്നു് യാതൊന്നും സംഭവിക്കുന്നതല്ലല്ലോ. പിന്നെന്തിനാണു് ഭയം—

രാജാവു—യുദ്ധംചെയ്തു മരിക്കുന്നതിലല്ല എനിക്കു ഭയം—നമ്മുടെ രാജ്യം അന്യാധീനമായാൽ പ്രജകളുടെ സ്ഥിതിയെന്തായിരിക്കുമെന്നു് വിചാരിക്കുമ്പോഴാണു് എനിക്കു് സങ്കടം തോന്നുന്നതു ലാഭം മോഹിച്ചുവന്ന വിദേശീയർ പ്രജകളുടെ ക്ഷേമത്തിൽ മനസ്സുവെക്കയില്ല—അടുത്തുവന്നാൽ ആയിരക്കണക്കായി ശത്രുക്കളെ ഒരു നിമിഷംകൊണ്ടു സംഹരിക്കാൻ എനിക്കു സാധിക്കും, പക്ഷെ അവൎക്കു് അകലെ നിന്നു ദ്രോഹി

ക്കാനുള്ള സാമഗ്രികളും ഉണ്ടെന്നല്ലേ കേൾക്കുന്നത്. ഒരുസമയം ഞാൻ മരിച്ചുപോയെങ്കിൽ എന്നെ പിന്തുടൎന്ന് വൈരികളോടു പൊരുതുവാൻ ആരുമില്ലല്ലോ എന്നു വിചാരിക്കുമ്പോഴും എനിക്കു സൈ്വരം കിട്ടുന്നില്ല—നമുക്ക് ഒരു മകളല്ലെ ഉള്ളു.

രാജ്ഞി—ഇങ്ങിനെ ആലോചിച്ചു മനസ്സിനെ ശല്യപ്പെടുത്തരുത്—ശത്രുക്കളുടെ പുറപ്പാട് ഏതു വിധത്തിലാണെന്നറിയട്ടെ. പിന്നീടു നമുക്കു വേണ്ടതു പ്രവൎത്തിക്കാലോ—

രാജാവ്—നേരിട്ടു യുദ്ധത്തിന്നു അവർ പുറപ്പെടുകയില്ല—എന്നെ അവൎക്കു നല്ലവണ്ണം അറിയാം. ചതിക്കാനേ ശ്രമം ചെയ്യുകയുള്ളൂ—എന്റെ കഥ കഴിച്ചാൽ പിന്നെ അവൎക്ക് ആരേയും പേടിക്കേണ്ടതുമില്ലല്ലോ.

രാജ്ഞി—ഈ അമംഗളവൎത്തമാനം അധികം പറയരുതെ—നേരം വൈകിത്തുടങ്ങി. വയറു കാഞ്ഞാൽ കേടാണ്—വരു—

ഈ സമയം മകൾ ഗുണവതിയുടെ അമ്മേ! എന്നുള്ള വിളി ദമ്പതിമാരുടെ സംഭാഷണത്തിന്നു ഭംഗം വരുത്തി. സാമൂതിരിയുടെ ഒരു ദൂതൻ വന്നിട്ടുണ്ടെന്ന് അറിയിക്കാനായി തവണക്കാരൻ കാത്തുനില്ക്കുന്നുവെന്നാണ് മകൾ കൊണ്ടുവന്ന വൎത്തമാനം—ആസ്ഥാനമണ്ഡപത്തിലേക്കു താൻ വരുന്ന സമയത്തു ദൂതനെ കൊണ്ടുവരാനേല്പിച്ചു, രാജാവു ദിനകൃത്യങ്ങളിൽ പ്രവേശിച്ചു. രാജ്ഞിയോടു സ്വകാൎയ്യത്തിൽ "സാമൂതിരിയുടെ ദൂതന്മാരെ ഇനി സൂക്ഷിക്കേണമെന്നും" അരുളിച്ചെയ്തു.

## II

ആസ്ഥാനമണ്ഡപത്തിൽ രാജാവു പ്രവേശിച്ച ഉടനെ സാമൂതിരിയുടെ ദൂതനേയും കൊണ്ടുവന്നു---അക്കാലത്തു രാജാക്കന്മാർ തമ്മിൽ കിടമത്സരം ഒഴിയാതെ ഉണ്ടായിരുന്നതിനാൽ ചിലരെല്ലാം ചേൎന്നു, ഒരു കക്ഷി, മററു ചിലർകൂടി വേറൊരു കക്ഷി ഇങ്ങിനെ സംഘം ചേൎന്നിട്ടായിരുന്നു അവരുടെ പ്രയോഗങ്ങളെല്ലാം—ഇവരുടെ എല്ലാവരുടേയും ഇടയിൽ കളിച്ചുകൊണ്ടു വിദേശീയക്കമ്പെനിക്കാരും വിലസികൊണ്ടിരുന്നു കൂററുകാർ അയക്കുന്ന ഒററുകാൎര ഏതു സമയത്തും രാജസന്നിധിയിൽ എത്തിക്കേണമെന്നു നിശ്ചയമുണ്ടായിരുന്നു. അതുകൊണ്ടായിരുന്നു സാമൂതിരിയുടെ ദൂതൻെറ ആഗമനം പ്രഭാതത്തിൽതന്നെ രാജാവിനെ അറിയിക്കാൻ തവണക്കാരൻ ധൈൎയ്യപ്പെട്ടതു്. മണ്ഡപത്തിൽ വന്ന ഉടനെ രാജാവു ദൂതനെ വിളിച്ചു.

"എന്താ നമ്മുടെ ബന്ധുവിന്നു കുശലം തന്നെയല്ലെ.

ദൂതൻ—റാൻ—കുറഞ്ഞൊരു കാൎയ്യം തിരുമനസ്സറിയേണ്ടതിന്നാണു് വിടകൊണ്ടിട്ടുള്ളതു്.

രാജാവ്—അതെന്താണു്.

ദൂതൻ—അടിയൻെറ പൊന്നുതിരുമേനിയും ഇവിടുന്നുമായുള്ള ബന്ധം ഒന്നുകൂടി ബലപ്പെടുത്തേണമെന്നു് അവിടത്തേക്കു വിചാരമുണ്ടു്.

രാജാവ്—എന്താ ഇപ്പോൾ ബന്ധത്തിന്നു വല്ല ഉടച്ചിലും തട്ടീട്ടുണ്ടോ?

ദൂതൻ—അതില്ല. ഉള്ളബന്ധത്തിന്നു ഉറപ്പു വരുത്തേണമെന്നേ ഉദ്ദേശമുള്ളൂ.

രാജാവ്—ബന്ധത്തിന്ന് ഉറപ്പു വരുത്തേണമെന്നുതോന്നുന്നതു് അതിന്നു അയവു തട്ടുമ്പോഴാണു—അല്ലേ—

ദൂതൻ—അതു വേണമെന്നില്ല—ഉള്ളതുകൊണ്ടു തൃപ്തിപ്പെടാതെവരുമ്പോഴും അങ്ങിനെ തോന്നാമല്ലോ. ഇവിട്ടത്തേക്കുതന്നെ അറിയുന്ന കാര്യങ്ങളാണല്ലൊ ഇതൊക്കെ.

രാജാവ്—അങ്ങിനെയൊരു തൃപ്തികേടിന്നു കാരണം വല്ലതും ഉണ്ടായോ എന്നു തന്നെയാണ് എൻെറ ചോദ്യം. തനിക്കു വിവരം എത്രത്തോളമുണ്ടെന്നും അറിയിക്കേണ്ടതല്ലെ.

ദൂതൻ—അടിയന്ന് അതു് അറിഞ്ഞുകൂടാ.

രാജാവ്—(സ്വരം ഒന്നുമാറി) ഇങ്ങിനെ അറിയാത്ത ഒരുത്തനെയാണോ സാമൂതിരി എന്നോടു കാര്യം പറവാനയച്ചതു.

ദൂതൻ—(അമ്പരന്നുകൊണ്ടു) തിരുവുള്ളക്കേടിൻെറ കാരണമാണ് അടിയന്നു മനസ്സിലാവാത്തതു്. ഇവിട്ടത്തെ സ്വരൂപവുമായി ഒരു വേഴ്ച വേണമെന്നുള്ള അഭിപ്രായം ഇവിടെ തിരുമനസ്സറിയിക്കാനായിട്ടാണ് അടിയനെ അയച്ചിട്ടുള്ളതു്.

രാജാവ്— (ഗൌരവസ്വരത്തിൽ) അങ്ങിനെയാണെങ്കിൽ ദൂതൻെറ കൈവശം ഒരു എഴുത്തും അയക്കുക പതിവുണ്ടു്. അതാണു സ്വരൂപങ്ങൾ തമ്മിൽ ഇതുവരെ ഉണ്ടായിരുന്ന മര്യാദ—ആ സമ്പ്രദായം വേ

ണ്ടെന്നു വെക്കുവാൻ സാമൂതിരിക്കു വല്ല കാരണവുമു ണ്ടായോ എന്ന് അന്വേഷിക്കുന്നതിന്നു മുമ്പായി ഈ ആലോചന സ്വീകരിക്കത്തക്കതല്ല—താൻ സാമൂതി രിയുടെ ദൂതൻ തന്നെയാണൊ? അടുത്തു വരിക ദൂത ന്മാരെ തിരിച്ചറിയാൻ ഞങ്ങൾക്കു ഒരടയാളമുണ്ട്.

ദൂതൻ—(അടുത്തു ചെല്ലുവാൻ മടിച്ച്) തിരുമനസ്സി ലേക്കു സംശയം തോന്നുവാൻ എന്തൊണാവോ കാ രണം.

രാജാവ്—(ഉച്ചസ്വരത്തിൽ) തൻെറ വാക്കും നോക്കും തന്നെ. എന്താ അടുത്തു വരുവാൻ മടി—ഇത്രയും പറഞ്ഞു രാജാവു സിംഹാസനത്തിൽനിന്ന് ഇറങ്ങി ദൂ തൻെറ സമീപത്ത് ഒരു നൊടിനേരംകൊണ്ട് എത്തി ആയാളുടെ ദേഹം പരിശോധിച്ചു സാമൂതിരിയുടെ ദൂത നല്ലെന്നു ബോദ്ധ്യം വന്നതിനാൽ കൈ രണ്ടും കെട്ടി പ്പിടിച്ചു ആ മണ്ഡപം മുഴക്കത്തക്ക സ്വരത്തിൽ "സാ മൂതിരിക്ക് ഇങ്ങിനെയുള്ള ദൂതന്മാരുണ്ടെന്നു ഞാൻ ഇ പ്പോഴേ അറിഞ്ഞുള്ളൂ. ഏതായാലും സൂക്ഷ്മം അറി യുന്നതുവരെ തന്നെപ്പോലെയുള്ളവർ വിശ്രമിക്കു വാനായുണ്ടാക്കീട്ടുള്ള സ്ഥലത്തുപോയിരിക്കുക" എന്നു പറഞ്ഞു തടവിലിടുവാൻ കല്പിച്ചു. താമസിയാതെ ആസ്ഥാനമണ്ഡപം വിട്ടു ആ വീരകേസരി അന്തഃപു രത്തിലേക്കു എഴുന്നെള്ളുകയും ചെയ്തു.

ദൂതൻ ആസ്ഥാനമണ്ഡപത്തിൽ പ്രവേശിച്ചതോടു കൂടി പലരുടേയും ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ടായിരുന്നു. വെളുത്തു തടിച്ച് ഓജസ്സുള്ള ദേഹം, സാധാരണയിൽ

കവിഞ്ഞ ഉയരം, ഉരുണ്ട് അല്പം തുറിച്ച കണ്ണുകൾ, എപ്പോഴും ഇളകിക്കൊണ്ടിരിക്കുന്ന അതിലെ കൃഷ്ണമണികൾ, നീണ്ടു നിവന്ന കൈകൾ, ഘനനട ഇതെല്ലാം കണ്ടാൽ സാമാന്യനല്ലെന്ന് ആക്കും തോന്നും. ആസ്ഥാനമണ്ഡപത്തിലെത്തിയപ്പോൾതന്നെ ദൂതൻെറ സംഭാഷണം കേൾപ്പാൻ അവിടെയുള്ളവർ ക്ഷമകേടു കാണിച്ചു തുടങ്ങി. ദൂതന്മാരിൽ ഇങ്ങിനെയുള്ളവർ സുലഭമല്ലല്ലോ—അക്ഷരം പെറുക്കി എടുക്കാവുന്ന തരത്തിലുള്ള അയാളുടെ സംസാരം ആ മണ്ഡപത്തിൻെറ പല കോണിലും ചെന്നു തറച്ചുവെന്നു തന്നെ പറയാം. ഇക്കൂട്ടത്തിൽ ഗുണവതിയുടെ ശ്രദ്ധയേയും ആ രസികൻ ആകർഷിച്ചു. ആ രാജപുത്രി മാളികമുകളിൽനിന്ന് ആസ്ഥാനമണ്ഡപത്തിലെ സംസാരങ്ങൾ സൂക്ഷിക്കുന്നുണ്ടായിരുന്നു—കാരാഗൃഹത്തിൽ ദൂതനെ തള്ളിവിടുവാനുള്ള അച്ഛൻെറ കല്പന കേട്ടപ്പോൾ അല്പം നീരസത്തോടുകൂടി അവൾ പിന്മാറുകയും ചെയ്തു.

## III

കാരാഗൃഹവുമായുള്ള പുതിയ പരിചയം ദൂതനെ പലവിധത്തിലും അസ്വസ്ഥനാക്കിത്തീർത്തു. താൻ അതുവരെ കെട്ടിവന്ന മാളികകളെല്ലാം "ആകാശക്കോട്ടക"ളായി പരിണമിച്ചതുപോലെ അവൾക്കു തോന്നി. ഒരു നിമിഷമെങ്കിലും വിശ്രമം കൊള്ളാതെ പണത്തിന്നും പദവിക്കും വേണ്ടി നാടുമുഴുവനും ഓടിവന്നിരുന്ന ആ പുരുഷന്നു കുടക് രാജാവു കല്പിച്ചുകൊടുത്ത ഏകാന്തവാസം പരമസങ്കടമായി പരിണമിച്ചതിൽ അത്ഭുത

മില്ലല്ലോ. മേൽഭാഗത്തു് ഏതോ ഒരു കോണിൽ കൂടെ ഒന്നോ രണ്ടോ സൂൎയ്യരശ്മികൾ മാത്രം കടക്കുവാൻ പഴുതു വിട്ടിരുന്ന ആ മുറിയിൽ ഇരിക്കുന്നവൎക്കു രാത്രിയും പകലും തിരിച്ചറിവാൻ സാധിക്കുന്നതല്ല. ഒരു വലിപ്പുപോലെ നീങ്ങുന്ന കനത്ത വാതിൽ തുറന്നു തനിക്കു ഭക്ഷണം കൊണ്ടുവന്നിരുന്ന പരിചാരകന്റെ വരവും പോക്കും മാത്രമേ സമയത്തിന്റെ ബോധം ഉണ്ടാവാൻ കാരാഗൃഹസ്ഥനെ സഹായിച്ചിരുന്നുള്ളു. പരിചാരകൻ വരുമ്പോഴെല്ലാം ഒരു വിളക്കും കയ്യിലുണ്ടായിരുന്നതുകൊണ്ടു രാത്രിയും പകലും അറിയേണമെങ്കിൽ അയാളോടു ചോദിക്കതന്നെ വേണം. ഒന്നു രണ്ടു ദിവസത്തേക്കു ഭൃത്യൻ ഒരു മനുഷ്യനോടാണു് പെരുമാറുന്നതു് എന്നുതന്നെ ഭാവിക്കയുണ്ടായില്ല. അയാളുടെ സേവപിടിച്ചു വല്ല വിധത്തിലും പുറത്തു ചാടുവാൻ ശ്രമിച്ചാലോ എന്നു ദൂതന്നു പലപ്പോഴും തോന്നുകയുണ്ടായി. മൂൎത്തി അറിയാതെ ഭജിച്ചാൽ അനുഗ്രഹത്തിന്നു പകരം നിഗ്രഹം കിട്ടിയാലോ എന്നു ഭയപ്പെട്ടു കുറച്ചു ദിവസം ഗൌരവം വിടാതെകൂടി. സ്വതവേ ശക്തികൂടിയ ദൂതന്റെ കണ്ണുകൾ ക്രമേണ അന്ധകാരത്തേയും ഭേദിക്കുവാൻ തുടങ്ങി. ഇരുന്നു മുഷിഞ്ഞാൽ ഇടക്കു് അയാൾ എണീട്ടു നടക്കാൻ തുടങ്ങി. നടക്കുമ്പോൾ ഒരു വാതിലിൽ ചവുട്ടിയപോലെ തോന്നി. അതിന്റെ നാലുഭാഗത്തും തപ്പിനോക്കിയിട്ടും തുറക്കുവാനുള്ള ഉപായങ്ങളൊന്നും കണ്ടില്ല. ഉള്ളിലുള്ളാളെ കഷ്ടപ്പെടുത്താൻ, പുറമെയുള്ള വല്ല യന്ത്രങ്ങളാലും തുറക്കുന്ന വല്ല കെണിയായിരിക്കുമൊ ഇതു് എന്നു ശങ്കി

ച്ച് ഉടനെ പിൻമാറി തടവുമുറിയിൽ കൂടെ ഇടക്കിട ക്കു പാഞ്ഞുകളിച്ചിരുന്ന എലി മുതലായവയേപ്പോലും സമസൃഷ്ടിസ്നേഹത്തോടുകൂടി ആ കാരാഗൃഹവാസി അ പ്പോൾ ആദരിക്കുവാൻ തുടങ്ങി.

ഇങ്ങിനെ നാലഞ്ചുദിവസം കഴിഞ്ഞു. ഒരു നിമി ഷംപോലും ഇനി ആ മുറിയിൽ കഴിച്ചുകൂട്ടുന്നതു ബന്ധ നസ്ഥന്നു പ്രയാസമായിത്തോന്നി. ഭക്ഷണം കൊണ്ടുവ രുന്നതു പകുതിയല്ല മുക്കാലും മടക്കിക്കൊണ്ടുപോകേണ്ടി വന്നു. പല വിചാരങ്ങളും തിരതല്ലിക്കൊണ്ടിരുന്ന അ യാളുടെ മനസ്സ് നിദ്രാദേവിയെ ക്ഷണിച്ചില്ലെന്നു മാത്ര മല്ല കഴിയുന്നത്ര അകററുകയും ചെയ്തു.

ആറാം ദിവസം പരിചാരകൻ അയാളുടെ ക യ്യിൽ ഒരെഴുത്തു കൊടുത്തു. ദീപത്തിൻെറ സഹായ ത്തോടുകൂടി അതു നോക്കിയപ്പോൾ അതിൽ ഇങ്ങിനെ കണ്ടു.

"അങ്ങ് ഒട്ടും നിരാശപ്പെടേണ്ട. അങ്ങക്ക് ഇവി ടെ ഒരു ബന്ധുവുണ്ടെന്നു സമാധാനിച്ചുകൊൾക. ഉട നെ കാണാം—ഗുണവതി—"

എഴുത്തു വായിച്ചതോടുകൂടി നമ്മുടെ ദൂതൻ സ ന്തോഷപാരവശ്യംകൊണ്ടു മൌനം പൂണ്ടു. അതു സൂ ക്ഷിച്ചുനിന്നിരുന്ന ഭൃത്യൻ "ഇനി വ്യസനിക്കേണ്ട. ഈ എഴുത്തു കൊച്ചുതമ്പുരാട്ടിയുടേതാണ്. അവിടുത്തേക്ക് നിങ്ങളുടെ പേരിൽ എന്തോ വലിയ ദയതോന്നിയിരി ക്കുന്നു."

ദൂതൻ—കൊച്ചുതമ്പുരാട്ടിയെന്നു പറയുന്നതു രാജാവിന്റെ മകളാണൊ?

ഭൃത്യൻ—അതേ.

ദൂതൻ—അവിടുത്തേക്കു പ്രായം എത്രയായി?

ഭൃത്യൻ—ഏകദേശം ഇരുപതായി തിരുവയസ്സ്.

ദൂതൻ- അടിയൻ എന്നെന്നേക്കും അവിടുത്തെ ദാസനാണെന്നു തിരുമനസ്സുണർത്തിക്കുക. അപരാധം ചെയ്യാതെ ശിക്ഷയനുഭവിക്കുന്ന ഇയ്യുള്ളവന്റെ പേരിൽ അവിടുത്തേക്കെങ്കിലും തിരുവുള്ളമുണ്ടായതുകൊണ്ട് ഇവന്റെഭാഗ്യം തീരെ നശിച്ചിട്ടില്ലെന്നു കരുതാം. കൊച്ചുതമ്പുരാട്ടിയെ ഞാൻ ഇതാ മനസാ നമസ്കരിക്കുന്നു.

ഭൃത്യൻ പോയതോടുകൂടി വീണ്ടും അന്ധകാരം ആ മുറിയെ ആക്രമിച്ചു.

IV

ഗുണവതി—അസമയത്തു ഞാൻ ഈ തടവിൽ വരുവാനുള്ള കാരണം അച്ഛന്റെ കഠിനഹൃദയം ഹേതുവായി ഒരു മാന്യന് സംഭവിച്ച അവമാനമാണ്.

ദൂതൻ—ഇവിടുത്തോട് ഇവനുള്ള നന്ദി ഇത്രയെന്നു അറിയിക്കുവാൻ പ്രയാസമാണ്.

ഗുണവതി—ഈ കാരാഗൃഹത്തിലിരുന്നു കഷ്ടപ്പെടേണ്ട. എന്റെ കൂടെ വരിക.

ദൂതൻ—തിരുമനസ്സുപോലെ ചെയ്യാൻ അടിയൻ എപ്പോഴും ഒരുക്കമാണ്.

രണ്ടുപേരുംകൂടി രാജകുമാരിയുടെ ശയനമുറിയിലാണ് വന്നുചേർന്നതു്. അതിലെത്തിയശേഷം ദൂതനെ യ

ഥോചിതം ആദരിച്ച് ഗുണവതി സംഭാഷണം തുടന്നു.

ഗുണവതി—ആളറിയാതെ അച്ഛൻ കല്പിച്ച ശിക്ഷ കുറെ ശല്യപ്പെടുത്തിയിരിക്കാം.

ദൂതൻ—മകളുടെ ഔദാര്യം അതിനെല്ലാം പരിഹാരം ചെയ്തു. ഇനി സങ്കടമില്ല. മകളുടെ കല്പനയും ശിരസാ വഹിക്കാൻ തെയ്യാറാണ്.

ഗുണവതി—മകൾതന്നെ കല്പനക്ക അധീനമാവാൻ ഒരുങ്ങിയാലോ?

ദൂതൻ—ഇയ്യുള്ളവൻെറ ശുക്രദശ. പക്ഷെ സ്ഥിതിഭേദം ഓമ്മവേണം. അച്ഛനറിഞ്ഞാലത്തെ സ്ഥിതി എന്താണെന്ന മകൾക്കതന്നേ അറിവാൻ സാധിക്കയുള്ളൂ.

ഗുണവതി—മനുഷ്യജന്മം കിട്ടിയാൽ ചിലതെല്ലാം അനുഭവിക്കണം. അതില്ലാതെ വെറുതെ നീട്ടിക്കൊണ്ടു പോകുന്ന ജീവിതം നിഷ്പ്രയോജനമാണ്.

ദൂതൻ—അല്പസുഖത്തിൽ ഭ്രമിച്ചു അനന്തദുഃഖത്തിന്ന വഴിയുണ്ടാക്കരുത്.

ഗുണവതി—സുഖവും ദുഃഖവും എല്ലാപേക്കും സ്വാധീനമാണ്. ദുഃഖിച്ചുകൊണ്ടുള്ള ജീവിതം വേണ്ടെന്നുവെക്കാൻ സ്വാതന്ത്ര്യം നമുക്കില്ലേ.

ദൂതൻ—അത്രത്തോളം കരുതീട്ടുണ്ടെങ്കിൽ ഈയ്യുള്ളവൻ എന്നെന്നേക്കും ഇവിടുത്തെ ദാസനാണ്. സംഭാഷണം സമ്മേളനത്തിൽ ലയിച്ചു. അന്യരറിയരുതെന്ന് വിചാരിച്ചിട്ടായിരിക്കാം—അവരുടെ ആലോചനക്രൂടാതെയുള്ള പ്രവൃത്തികൾ അന്ധകാരവും മറച്ചു.

ബന്ധനസ്ഥന്ന് അതിൽ പിന്നീടുള്ള വാസം ഒരുവിധം രസപ്രദമായിരുന്നുവെന്നുതന്നെ പറയാം. തന്നെ

അയച്ച സ്വാമിയുടെ കാൎയ്യം നിൎവ്വഹിക്കാൻ അതുവരെ സാധിക്കാതെ വന്നതിലുള്ള മനസ്താപവും, കാൎയ്യസാദ്ധ്യംകൊണ്ടു കിട്ടാവുന്ന ലാഭം പൊയ്പ്പോകുമെന്നുള്ള ഭയവും, ആ ദേഹത്തെ വല്ലാതെ പീഡിപ്പിച്ചു. ഒരു ദിവസം ക്ഷമയില്ലാതെ രാജകുമാരിയോടു ഇങ്ങിനെ ചോദിച്ചു.

ദൂതൻ—ഒരു കാൎയ്യം അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്.

ഗുണവതി—എന്താണ്?

ദൂതൻ—അച്ഛൻ വലിയ സേനകളെ ഇവിടെ ശേഖരിച്ചതായി കാണുന്നില്ലല്ലോ. പലതവണയും ഈ രാജ്യം ശത്രുക്കളുടെ ആക്രമണത്തിന്ന് ഇരയായിട്ടുണ്ടെന്നാണ് കേൾവി. എങ്ങിനെയാണ് ഇതുവരെ വൈരികളുടെ കയ്യിൽ പെടാതെ അദ്ദേഹം രക്ഷപ്പെട്ടുവന്നതു ?

ഗുണവതി—അച്ഛന്റെ അരയിൽ ഒരു (അര) വാളുണ്ട്. അതുള്ള കാലത്തോളം അച്ഛന്റെ ദേഹത്തിന്നു യാതൊന്നും പററുന്നതല്ല—

ദൂതൻ—അതു ഒരു സമയത്തും അരയിൽനിന്ന് അഴിക്കാറില്ലെ—

ഗുണവതി--കുളിക്കുമ്പോൾ മാത്രം അഴിക്കും. മറെറതുസമയത്തും അരയിലുണ്ടായിരിക്കും.

ഈ വൎത്തമാനം കേട്ട ക്ഷണത്തിൽ ദൂതൻ ആലോചനയിൽ മുഴുകിയപോലെ തോന്നി—അതിൽനിന്ന് ഉണൎന്നശേഷം വീണ്ടും രാജകുമാരിയോടു ഇങ്ങിനെ അപേക്ഷിച്ചു.

ദൂതൻ—തമ്പുരാട്ടി— ഇവിടുത്തെ കരുണാതിരേകത്തിന്ന്

പാത്രമായ ഇവൻ ഒരു അപേക്ഷകൂടി ചെയ്തുകൊള്ളട്ടെ.

ഗുണവതി—(ദൂതനെ അരികെ ഇരുത്തി) തമ്പുരാട്ടിയെന്നും അപേക്ഷയെന്നും ഇനി കേൾക്കരുത്. എന്തു വേണമെങ്കിലും പറഞ്ഞുകൊള്ളൂ.

ദൂതൻ—ഇവിടേക്കു വരുമ്പോൾ എൻെറ വസ്ത്രം മുതലായവ ഒരു ഭാണ്ഡമാക്കിക്കെട്ടി കൊട്ടാരത്തിന്നു പുറത്തു ഒരാളെ ഏല്പിച്ചിട്ടുണ്ട്. ഏതായാലും ഇനി ഇവിടെ നിന്നു പോകണമെന്നില്ല. ഈ പൊന്നു തിരുമേനി കണ്ടാനന്ദിച്ചിരുന്നാൽമതി. അതുകൊണ്ടു് ആ സാമാനങ്ങൾ ഇവിടെ കൊണ്ടുവന്നേക്കാം—ദൂതനു ഒരു തവണക്കാരൻെറ സഹായം ഉടനെ കിട്ടി—പുറത്തുപോയി തോക്കു മുതലായ തൻെറ ആയുധങ്ങൾ കയ്യിലാക്കിയാണു് വീണ്ടും കൊട്ടാരത്തിൽ പ്രവേശിച്ചതു. രാജകുമാരിയുടെ സേവക്കാരൻെറ അപ്രീതി സമ്പാദിച്ചാൽ വിഷമമാണെന്നു കരുതി അയാൾ കൊണ്ടുവരുന്നതെന്തെല്ലാമെന്നു് തവണക്കാരൻ സൂക്ഷിക്കയുണ്ടായില്ല. കൊട്ടാരത്തിന്നുള്ളിൽ കുളമുള്ള സ്ഥലത്തെത്തിയപ്പോൾ താൻ കുളത്തിലിറങ്ങി വരാമെന്നും പറഞ്ഞു തവണക്കാരൻ ദൂതനെ മടക്കി അയച്ചു—കുളത്തിലിറങ്ങി, കണ്ണുകൊണ്ടു കാണാവുന്നിടത്തോളം അവിടുത്തെ സ്ഥലസമ്പ്രദായം മനസ്സിലാക്കി. കാരാഗൃഹത്തിലെ അന്ധകാരവുമായി അധികപരിചയം സിദ്ധിച്ച കണ്ണുകൾ ഇവിടെ അയാൾക്കു വളരെ ഉപകരിച്ചു. കുളപ്പുരയുടെ മേൽഭാഗത്തു് ഒരു സ്ഥലം ഉടനെ പിടിച്ചു.

വെളിച്ചമാവാൻ ഒരു മുഹൂൎത്തമുള്ളപ്പോ൦ രാജാവ് നീരാട്ടുകുളിക്കു കുളത്തിലേക്കു എഴുന്നെള്ളി. അരവാ൦ അഴിച്ചു സ്നാനത്തിന്നിറങ്ങുമ്പോ൦ പിൻകഴുത്തിൽ ഒരു വെടി കൊണ്ടു. താമസിയാതെ കാലഗതി പ്രാപിച്ചു.

V

ദൂതനെ കാത്തുകൊണ്ടിരുന്ന രാജകുമാരിക്കു ക്ഷമകേടു വൎദ്ധിച്ചുതുടങ്ങി. കുളത്തിൽനിന്ന് ഒരു ശബ്ദം കേട്ടപ്പോ൦ പരിഭ്രമം കലശലായി—ഉടനെ തവണക്കാരനെ വിളിച്ചു കുളത്തിലേക്കു യാത്രയായി. കുളക്കടവിലെത്താറായപ്പോ൦ പരിചാരകൻെറ കയ്യിൽനിന്നു വിളക്കുവാങ്ങി താൻതന്നെ ഇറങ്ങിച്ചെന്നു—തൻെറ കാമുകന്നു വല്ല അപായവും വന്നിരിക്കുമോയെന്ന് ശങ്കിച്ചുംകൊണ്ട് ഇറങ്ങി വന്നിരുന്ന രാജകുമാരി രക്തംപുരണ്ടു കിടക്കുന്ന മൃതദേഹം അച്ഛൻെറതാണെന്നറിഞ്ഞതോടുക്രുടി കുറച്ചുനേരം നിശ്ചഞ്ചലയായിനിന്നു. ദൂതനെപ്പററി സംശയം ജനിച്ചു. താൻ കളിപ്പാട്ടമായി അതുവരെ കരുതിവന്നതു് ഒരു കാളസൎപ്പമാണെന്നു് ഹൃദയത്തിൽ ഒരു ഭൂതോദയമുണ്ടായി. താൻ ദൂതന്നു് അന്നു പറഞ്ഞുകൊടുത്ത രഹസ്യവും ഓൎമ്മവന്നു. നാലുപാടും നോക്കി—ആരേയും കണ്ടില്ല.

അച്ഛൻെറ മൃതദേഹം വെള്ളത്തിലും കരയിലുമല്ലാതെ കിടന്നിരുന്നതു് എടുത്ത് ഒരു പടവിന്മേൽ വെച്ചു തൻെറ ശിരസ്സ് പിതാവിൻെറ പാദാരവിന്ദത്തിൽ സമൎപ്പിച്ചു—ഏതാനും നിമിഷം കഴിഞ്ഞതിന്നുശേഷം എഴുന്നീററുനിന്നു തൻെറ യൌവ്വനചാപല്യം നിമിത്തം അച്ഛന്നു വന്ന അവസ്ഥാന്തരം ഓൎക്കുന്തോറും ആ ധീര

വനിതയുടെ ഹൃദയം തുടിക്കുവാൻ തുടങ്ങി. അച്ഛൻെറ ആജ്ഞപ്രകാരം താൻ പുറത്തിറങ്ങുമ്പോഴെല്ലാം ധരിച്ചിരുന്ന കഠാരത്തെ നോക്കി. "അല്ലയോ വീരായുധമേ! കളങ്കം തട്ടിയ എൻെറ ദേഹത്തിൻെറ സ്പശം ഇനി നിനക്ക് ഭൂഷണമല്ല. അച്ഛൻെറ നേരേയും തന്മൂലം ഈ വംശത്തിൻെറ നേരേയും ഞാൻ ചെയ്ത അപരാധത്തിന്ന എൻെറ ദേഹാപ്പണം തന്നെയാണ് ശരിയായ പ്രായശ്ചിത്തം. എന്നെ സഹായിക്കുക"

കുളക്കടവിലെ വത്തമാനംകേട്ട് പരിഭ്രമിച്ചുവന്ന രാജ്ഞി മുതലായവർ പിറേറദിവസം പ്രഭാതത്തിൽ കണികണ്ടതു് രണ്ട് മൃതദേഹങ്ങളാണ്.

## കാട്ടുരാജാവ്.

ശിരസ്തദാർ കുഞ്ഞുണ്ണിമേനോൻ പെൻഷൻവാങ്ങി ഉദ് യോഗത്തിൽനിന്ന പിരിഞ്ഞിട്ട് മൂന്നുകൊല്ലത്തോളമായി. ദേഹത്തിന്ന പ്രായത്തിന്നടുത്ത ക്ഷീണം ബാധിക്കാത്തതിനാൽ വെറുതെ ഇരിക്കാൻ കഴികയില്ലെന്ന തീച്ച്യാക്കി മണ്ണാക്കാട്ട് തറവാട്ടുവകയായിട്ടുള്ള കളത്തിൽ താമസം തുടങ്ങീട്ട് അധികം നാളായിട്ടില്ല. ഉദ്യോഗമുള്ള കാലത്തു കഴിയുന്ന സഹായം തറവാട്ടിലേക്കു ചെയ്തിട്ടുണ്ടെങ്കിലും പണിയിൽനിന്ന പിരിഞ്ഞു തറവാട്ടിൽവന്ന കാരണവസ്ഥാനം വഹിക്കാൻ തുടങ്ങിയപ്പോഠം അനന്തിരവന്മാരുടെ പിറുപിറുപ്പിന്ന കുറവുണ്ടായില്ല. താനും

ഒരു കാലത്തു തന്റെ കാരണവരെ ശകാരിക്കാൻ കൂടീട്ടുണ്ടെങ്കിലും താൻ കാരണവരായപ്പോൾ അനന്തിരവന്മാർ ശകാരിക്കുന്നത്ത് അവരുടെ കൊള്ളരുതായ്മകൊണ്ടാണെന്നേ തോന്നിയുള്ളു. അനന്തിരവന്മാരായിരിക്കുമ്പോൾ കാരണവന്മാരെ ശകാരിക്കുന്നവർ ആ സ്ഥാനത്ത് എത്തുമ്പോൾ മരിച്ചുപോയവരെ നന്നാക്കി വെക്കുകയാണല്ലൊ സാധാരണ തറവാടുകളിൽ പതിവ്. കാരണവൻ കുഞ്ഞുണ്ണിമേനോനും പഴയ നടവടിക്കു വ്യത്യാസം വരുത്തിയില്ല. അധികാരം കയ്യിലുള്ളവസ്ഥയ്ക്കു അനന്തിരവന്മാരായി അകന്നു നില്ക്കുന്നതായാൽ തന്റെ കാൎയ്യത്തിന്നു ഗുണമുണ്ടെന്നും അവരെ താമസിയാതെ ഒരു പാഠം പഠിപ്പിക്കാമെന്നും കരുതിയാണ് കളത്തിലേക്കു പുറപ്പെട്ടതു്. അതിന്നു പുറമെ കൃഷിപ്പണിയിൽ ഒന്നിറങ്ങി നോക്കേണമെന്നും മോഹമുണ്ടായിരുന്നു. തറവാട്ടിൽ കുറെകാലമായി വൎദ്ധന അംഗങ്ങൾക്കല്ലാതെ സ്വത്തിന്നു ഉണ്ടായിട്ടില്ലെന്ന് ഓൎത്തപ്പോൾ കൃഷിനടക്കുന്നതു് ആദായത്തിന്നുള്ള മാൎഗ്ഗമാണെന്നും അദ്ദേഹത്തിന്റെ സംസ്കൃതബുദ്ധിയിൽ തോന്നാതിരുന്നിട്ടില്ല.

ഇങ്ങിനെ പല കാരണങ്ങളാലും കളത്തിലെത്തിച്ചേൎന്ന കുഞ്ഞുണ്ണിമേനോൻ കൃഷിക്കുള്ള ഒരുക്കങ്ങൾ ഓരോന്നായി ചെയ്തുതുടങ്ങി. ഇതിൽ ഒന്നാണ് ഒരു നല്ല കൃഷിക്കാരനെന്നു പേരെടുത്ത ഇട്ടീണാൻനായരെ തന്റെ പ്രധാനകാൎയ്യസ്ഥനായി നിശ്ചയിച്ചതു്. പിന്നീടു അയാളുടെ അഭിപ്രായപ്രകാരം നാലു വടക്കൻകാളകളെ വാങ്ങിയതാണ്. കാളകളെ വാങ്ങി തൊഴുത്തിലാക്കിയതി

ൻെറ മൂന്നാംദിവസം കുഞ്ഞുണ്ണിമേനോൻ പാടത്തിറങ്ങു വാനായി പടിക്കലെത്തിയപ്പോൾ ഇട്ടീണാൻനായർ ത ൻെറനേരെ ഓടിവരുന്നതു കണ്ടു. ഇട്ടീണാൻനായരുടെ പരിഭ്രമത്തിൻെറ കാരണം മനസ്സിലാവാതെ കുറച്ചുനേ രം കുഞ്ഞുണ്ണിമേനോനും പരിഭ്രമിച്ചു. അപ്പോഴേക്കു നാ യർ അടുത്തെത്തി.

കുഞ്ഞുണ്ണിമേനോൻ—എന്താ ഇട്ടീണാൻനായക്കിത്ര പ രിഭ്രമം.

ഇട്ടീണാൻനായർ—ഒന്നുമില്ല. മാങ്കടക്കുഴിയൻെറ ആള്ള വരുന്നുണ്ട്. അവനെ കണ്ടിട്ടാണ് ഞാൻ ഓടി വരുന്ന ത്. അവനോടു ഇവിടുന്നൊന്നും എതിർത്തു പറയരുത്.

കു. മേനോൻ—എന്തിനാ അവൻ എന്നെ കാണാൻ വ രുന്നത്.

ഇട്ടീണാൻനായർ—മാങ്കടക്കുഴിയൻ ഇവിടുത്തെകള്ളന്മാ രുടെ തലവനാണ്. അവൻെറ വാസം എന്നും കാട്ടിലാ ണ്. ഇവിടുത്തുകാരെല്ലാം അവനെ കാട്ടുരാജാവെന്നാ ണു വിളിക്കുന്നത്. അവനു ഇടക്കിടക്കു കൈമടക്കുന്നതു് കൊണ്ടാണു ഇവിടുത്തുകാരുടെ കന്നിന്നു രക്ഷകിട്ടുന്ന തു്. അതുകൊണ്ടു അവനോടു കയക്കാതിരിക്കയാണ് നമുക്കും നല്ലത്.

കു. മേനോൻ—(ദേഷ്യപ്പെട്ടു്) ഈ വക ഉപദേശങ്ങൾ തരാനല്ല ഞാൻ തനിക്കു ശമ്പളം തരുന്നതു്. പത്തി രുപത്തഞ്ചുകൊല്ലം സക്കാരുദ്യോഗം ഭരിച്ച എനിക്കു റിയാം ആരോടൊക്കേയാണു കയക്കാതിരിക്കേണ്ടതെ

ന്ന്. ബ്രിട്ടീഷുഗവമ്മേണ്ടിന്റെ ഭരണമാണിപ്പോഴെ ന്ന് അവൻ ഇതുവരെ അറിഞ്ഞിട്ടില്ലെങ്കിൽ ഞാൻ നിമിത്തം അവൻ അറിയും.

അപ്പോഴേയ്ക്കു മാങ്കടക്കുഴിയന്റെ ഭൃത്യൻ മായൻകു ട്ടി എത്തി.

കു. മേനോൻ—താൻ എന്തിനാ വന്നത്.

മായൻകുട്ടി---ഇവിടത്തെ കാണാൻ വന്നതാണ്.

കു. മേനോൻ—കാൎയ്യം?

മായൻകുട്ടി—ഞമ്മടെ മുതലാളി പറഞ്ഞയച്ചു വന്നതാണ്.

കു. മേനോൻ—ആരാ, നിന്റെ മുതലാളി? അയാൾ എ ന്താ പറഞ്ഞയച്ചത്?

മാ കുട്ടി—(ഇട്ടീണാൻനായരെ നോക്കി) ഏമാന്നു ഇബ ടങ്ങളിലെ മൎയ്യാദയൊന്നും പിടിയാടില്ലെന്നു തോന്നു ണല്ലൊ.

കു. മേനോൻ—എന്തു മൎയ്യാദയാണ് ഇതു കേൾക്കട്ടെ. എന്താ ഞാൻ നിന്റെ മുതലാളിയെ കാണാൻ ചെ ല്ലണൊ?

മാ. കുട്ടി—അതൊന്നും വേണ്ട. മുതലാളിക്കു അബകാശ ങ്ങൾ കിട്ടിയാൽ മതി.

കു. മേനോൻ—എന്തവകാശം! ഞാൻ നിന്റെ മുതലാ ളിയുടെ ജന്മം കാണത്തിന്നു വാങ്ങീട്ടില്ല.

മാ. കുട്ടി—അതല്ല ഞമ്മള് പറഞ്ഞത്. കരിമ്പ്രുങ്ങളുള്ളോ രെല്ലാം മുതലാളിക്കു വല്ലതും കൊടുത്താൽ അവരെറെ "പണിക്ക്"കിട്ടും. ഇല്ലെങ്കിൽ വല്ലോരുടേയും കയ്യി

ലാവും അത്. അല്ലാണ്ടൊന്നുമില്ല്യോ. ഇതു ഇയ്യാണ്ട് തുടങ്ങിയതൊന്നുമല്ല. പണ്ടേയുള്ള ചട്ടമാണ്.

കു. മേനോൻ—നിന്റെ മുതലാളി എന്നേപ്പോലുള്ളവരെ കണ്ടിട്ടുണ്ടാവില്ല. നീ ചെന്നു പറഞ്ഞേക്ക്. ഞാൻ നല്ലതൊഴുത്തുണ്ടാക്കീട്ടുണ്ട്. ഇതു ഇപ്പോൾ വെള്ളക്കാരന്റെ രാജ്യമാണ്. പോല്ലീസും പട്ടാളവും വെറുതെയല്ല ഏപ്പ്പാടുചെയ്തിട്ടുള്ളത്. മനസ്സിലായൊ.

മാ കുട്ടി—ഞമ്മക്ക ഇതൊന്നും പറഞ്ഞേരണ്ട. വെള്ളക്കാരൻ ഇന്നലെ വന്നതല്ലല്ലൊ. വെള്ളക്കാരന്റെ പയ(ഴ)ക്കം മുതലാളിക്കും ഉണ്ട്. ആട്ടെ ഞമ്മങ്ങ് പോട്ടെ, എനി നേരിട്ട് തെറാര (സംസാര)മൊന്നും വേണ്ട.

കു. മേനോൻ—ഓ. അങ്ങിനെയാവട്ടെ, ഉടുക്കാത്ത ഭ്രാന്തന്ന് ഉടുത്ത ഭ്രാന്തൻ.

## II

മായൻകുട്ടി മടങ്ങിപ്പോയതിന്റെ മൂന്നാംപക്കം രാവിലെ കുഞ്ഞുണ്ണിമേനോൻ എഴുനീററപ്പോൾ തൊഴുത്തിൽ കാളകളെ കാണ്മാനില്ലെന്ന വത്തമാനംകൊണ്ടാണ് ഇട്ടീണാൻനായർ അഭിവാദ്യംചെയ്തത്. കുഞ്ഞുണ്ണിമേനോൻ കുറച്ചുനേരത്തിന്നു ഒന്നുംമിണ്ടാതെയിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ "എനി എന്താ വേണ്ടതു ഇട്ടീണാൻനായരെ" എന്നു ചോദിച്ചു.

ഇട്ടീണാൻനായർ— മാങ്കടക്കുഴിയൻ ചില്ലറക്കാരനല്ല. പോല്ലീസുകാരൊക്കെ അവനോടു അങ്ങോട്ടു ലോക്യം

കൂട്ടുകയാണ്. കയക്കാൻ പോയാൽ എങ്ങിനെയായാലും നമുക്കേ നഷ്ടം വരികയുള്ളൂ.

ക. മേനോൻ—ടിപ്പു മുതലായ മഹാപരാക്രമികളെ അമൎത്തിയ വെള്ളക്കാൎക്കുണ്ടോ മാങ്കടക്കുഴിയനെ പിടിക്കാൻ പ്രയാസം. എനിക്കു ആ വിചാരമൊന്നുമില്ല. (അല്പം ആലോചന നടിച്ചു്)—

നമുക്കു പൂട്ടുതുടങ്ങേണ്ട കാലമായല്ലോ. ഈ സമയത്തു കാളകളില്ലാഞ്ഞാൽ നമ്മുടെ ശ്രമമൊക്കെ വെറുതെയാവും. കുറച്ചു പണം ഇറക്കുകയുംചെയ്യു. പോലീസിലേക്കു അറിവുകൊടുത്തു അന്വേഷിച്ചു തുമ്പുണ്ടാക്കുമ്പോഴേക്കു കാലവും തെറ്റും. ഇതൊക്കെയാണെന്റെ മനസ്സിലിപ്പോഴ്. കൃഷി തുടങ്ങുമ്പോഴ്തന്നെ അവലക്ഷണം. കാളകൾ പോവും എന്നു എനിക്കു പേടിയില്ല. കൊണ്ടുപോയവൻ ഇനി അധികം കളവുകൾ നടത്തുന്നതുമല്ല.

ഇട്ടീണാൻനായർ—കേസ്സിന്നും കൂട്ടത്തിന്നും പോയാൽ വിതക്കാൻ കാലം വൈകുമല്ലോ എന്നാണു എനിക്കു വിചാരം. അതുകൊണ്ടാണു തൽക്കാലം കയക്കേണ്ടെന്നു പറഞ്ഞതു്.

ക മേനോൻ—ആട്ടെ, താൻ ഇന്നുതന്നെ മാങ്കടക്കുഴിയനെ ഒന്നു പോയികാണു. ആയാളുടെ അവകാശങ്ങൾ കൊടുത്തേക്കാമെന്നു പറയു.

ഇട്ടീണാൻനായർ—പോയിനോക്കാം.

ഇട്ടീണാൻനായർ ഉടനെത്തന്നെ കഞ്ചികുടിച്ചു യാത്രയായി. കുഞ്ഞുണ്ണിമേനോനാലോചനയിലും മുഴുകി ആ ദിക്കിലുള്ള വങ്കന്മാരും താനും ഒരുപോലെയല്ലെന്നു

മാങ്കടക്കുഴിയന്നെ മനസ്സിലാക്കാതെ അവിടം വിടുന്നതല്ലെന്നു മേനോൻ ഉറച്ചു ദിനകൃത്യങ്ങൾക്കു ഒരുങ്ങി.

ഇട്ടീണാൻനായർ ഏകദേശം ഒരു നാഴിക നടന്നപ്പോൾ മലയുടെ അടിവാരത്തിലെത്തി. മാങ്കടക്കുഴിയന്നെ ഇതിന്നുമുമ്പു കാണാൻ പോയിട്ടില്ലെങ്കിലും ആ പ്രമാണിയുടെ വാസസ്ഥലം തനിക്കു അറിയാമായിരുന്നു. കാട്ടിന്നുള്ളിലേക്കു പോകുന്ന ഒരുട്ടുവഴിയിൽക്കൂടെ കുറച്ചു ദൂരം നടന്നപ്പോൾ മായൻകുട്ടിയും അയാളുടെ രണ്ടു ചങ്ങാതിമാരും ഒരു പാറപ്പുറത്തിരിക്കുന്നതു കണ്ടു. ഇട്ടീണാൻനായരെ കണ്ടപ്പോൾ മായൻകുട്ടിക്കു കാര്യം മനസ്സിലായി. അയാളെ എതിരേല്ക്കാനെന്ന ഭാവത്തിൽ വന്നു.

മായൻ—(ഒന്നും അറിയാത്ത ഭാവത്തിൽ) ബിശേയിച്ച്?

ഇട്ടീണാൻ—മായൻകുട്ടി അറിയാണ്ടിരിക്കൊ.

മായൻ—ഞമ്മക്ക് എന്തറിയാനാണ്. നിങ്ങൾ ബെള്ളക്കാരൻെറക്കൂടെ ബന്നാളിൻെറ കൂടെയല്ലെ താമത്. (താമസം)

ഇട്ടീണാൻ—കളിയൊക്കെ പോട്ടെ. കാളകളെ കാണാനില്ലല്ലൊ. വല്ല നിവൃത്തിയും ഉണ്ടാക്കിത്തരണം.

മായൻ—മുതലാളിയെ കാണണ്ടെ.

ഇട്ടീണാൻ—വേണം.

മായൻ—എന്നാൽ പൊഗാ. (പോകുക)

മായൻകുട്ടി നായരെ കൊണ്ടുപോയതു ഒരു വലിയ മലഞ്ചെരുവിലേക്കാണ്. നട്ടുച്ചക്കും വെളിച്ചംതട്ടാത്തവിധമുള്ള കാടാണ് നാലു ഭാഗവും. പരിചയമില്ലാത്തവർ അതിൽ പെട്ടുപോയാൽ ഉഴലുകയേ തരമുള്ളു. "അവളെ

പ്പേടിച്ചാരും നേർവഴി നടപ്പീല" എന്നു താടകയെപ്പററി പറഞ്ഞതപോലെ മാങ്കടക്കുഴിയനെ പേടിച്ച് ആ കാട്ടിലെ ദുഷ്ടമൃഗങ്ങളെല്ലാം എങ്ങോ പോയിരിക്കുന്നു. മല അവിടെ ഒരുടുപ്പിൻെറ ആകൃതിയാണ്. നടുക്കു അഗാധമായ ഒരു കുണ്ടുും. മരത്തിന്മേൽ കൊമ്പുകളെന്നപോലെ വലിയ മലയിൽനിന്നു രണ്ടു ശാഖകൾ തള്ളി നിൽക്കുന്നുണ്ട്. ഈ ശാഖകൾ കൂട്ടിമുട്ടീട്ടുണ്ടെന്നു പുറമെനിന്നു നോക്കിയാൽ തോന്നും. പരിചയമുള്ളവൎക്കു അവയുടെ പഴുതു കണ്ടുപിടിപ്പാൻ പ്രയാസമില്ല. ആ പഴുതിൽക്കൂടെയാണ് മേൽപറഞ്ഞ കുണ്ടിലേക്കു വഴി. ഈ കുണ്ടിൻെറ ഒരു ഭാഗത്തു വലിയ മലയിന്മേൽ കുറെ പൊന്തീട്ടാണു മാങ്കടക്കുഴിയൻെറ ഭവനം. അടുത്തു ചെന്നാലല്ലാതെ മഷിവെച്ചു നോക്കിയാലും കാണാതിരിക്കതക്കവണ്ണമാണ് അതു സ്ഥിതിചെയ്യുന്നതു്. അവിടെ എത്താനുള്ള വഴിയും കുറെ ദുൎഘടമായിട്ടുള്ളതാണ് ചില ദിക്കിൽ കുത്തനെയുള്ള മലംപള്ള കടക്കേണ്ടതായിട്ടുണ്ട് ആ വക സ്ഥലങ്ങളിൽ ആടുകൾക്കും അപായം പററുമെന്നാണ് പറയേണ്ടതു്. കാലു തെററിപ്പോയാൽ പിന്നെ ചെല്ലുന്നതു എവിടെയാണെന്നു പറവാൻ വീണവരാരും ഇതുവരെ മടങ്ങിവന്നിട്ടില്ല.

ഈ കുണ്ടിലേക്കു കടക്കുന്ന വഴി മാങ്കടക്കുഴിയൻെറ വീട്ടിൻെറ ഒരു മൂലക്കിരുന്നാൽ കാണത്തക്ക ഏൎപ്പാടുകൾ ആ കാട്ടുരാജാവു ചെയ്തിട്ടുണ്ട്. അയാളുടെ അനുചരന്മാർ എപ്പോഴും കാട്ടിൽ അവിടവിടെയായി നടക്കുന്നുണ്ടാവും. അവരെ കാണാതെ അവിടെ എത്തിച്ചാടാൻ

പ്രയാസമാണ്. അഥവാ അവരില്ലാതെ അങ്ങോട്ടു കട ന്നുവെങ്കിൽ മാങ്കടക്കുഴിയൻെറ ലക്ഷ്യം തെററാത്ത വെ ടിക്ക് ഇരയാവുകയും ചെയ്യും. ഇങ്ങിനെ ചിലർ "ഇങ്ങി നിവരാതവണ്ണം" പോയിട്ടുണ്ടെന്നു് അടുത്തുള്ളവൎക്ക് അ റിയാവുന്നതുകൊണ്ടു് മായൻകുട്ടിയുമായി കാൎയ്യം തീൎച്ച യാക്കുകയല്ലാതെ മാങ്കടക്കുഴിയനെ കാണാൻ ആരും വ ഴി വെക്കുക പതിവില്ല.

ഇങ്ങിനെ ഒരു ദുൎഗ്ഗടസ്ഥലത്താണു് ഇട്ടീണാൻ നാ യർ ചെന്നുചേൎന്നതു്.

## III

അധികം താമസിക്കാതെ മാങ്കടക്കുഴിയൻെറ മു മ്പിൽ ഇട്ടീണാൻനായരെത്തി. വലിയ വീതിയുള്ള ഒരു കട്ടിലിന്മേൽ പടൻപിടിച്ചുംകൊണ്ടാണ് അവൻ ഇരി ക്കുന്നതു്. കുറെ മുരുക്കസാമാനങ്ങൾ ഒരു ഭാഗത്തും മറെറാ രു ഭാഗത്തു മുട്ടുകയും ആ പ്രമാണിയെ വിട്ടു പിരിയാത്ത സാമഗ്രികളെന്ന വിധത്തിൽ അവിടെ നില കൊള്ളു ന്നുണ്ടു്. തടിച്ചു കൊഴുത്ത അവൻെറ ദേഹത്തിന്നു് പു ഷ്ടിക്കു പുറമെ ദാൎഢ്യവുമുണ്ടെന്നു് ഒരു നോട്ടത്തിൽ മന സ്സിലാകും. കറുത്തിരുണ്ട മീശയും താടിയും ആ കാട്ടു രാജാവിൻെറ വട്ടമുഖത്തിന്നു ഗാംഭീൎയ്യവും ഓജസ്സും വൎദ്ധി പ്പിച്ചിട്ടുണ്ടു്. പൂമുഖത്തിരിക്കുന്ന യജമാനനെ വണങ്ങി ക്കൊണ്ടു ഭൃത്യന്മാരെന്ന നിലയിൽ നാലഞ്ചാളുകൾ മുററ ത്തു നില്ക്കുന്നുണ്ടു്.

ഇട്ടീണാൻേറയും മായൻകുട്ടിയുടേയും വരവു കണ്ട പ്പോൾ അതുവരെയുണ്ടായിരുന്ന സംസാരം നിൎത്തി അ

വരെ നോക്കിക്കൊണ്ടു നിന്നു. അവർ അരികത്തെത്തിയപ്പോഠം മായൻകുട്ടിയോടായി—"ഈ നായർകുട്ടി ഏതാണ്" എന്നു ചോദിച്ചു.

മായൻ—ഞമ്മക്ക് അമ്പകാശം തരാത്ത ആ പഹയന്റെ ആളാണ്.

മാങ്കടക്കഴിയൻ—ആഹാ! എന്താ നായർകുട്ടി പോന്നത്.

ഇട്ടീണാൻ—എജമാനൻ ഇവിടെ ഒന്നു വന്നു കാണണം എന്നു പറഞ്ഞിട്ടു വന്നതാണ്.

മാങ്കടക്കഴി—നിങ്ങടെ എജമാന്നു ഞമ്മളെക്കൊണ്ട് എന്താ കാര്യം.

ഇട്ടീണാൻ—കന്നു കാണാതായതിനെപ്പററി ഇവിടെ വന്ന് അന്വേഷിക്കണമെന്നു പറഞ്ഞു.

മാങ്ക—തൊഴുത്തു നല്ല ഉറപ്പിൽ പണി ചെയ്യിട്ടുണ്ടെന്നല്ലെ നിങ്ങടെ ഏമാനൻ മായൻകുട്ടിയോടു പറഞ്ഞയച്ചത്. ഇപ്പോഴെന്തെ ഉറപ്പില്ലാണ്ടായൊ?

ഇട്ടീണാൻ—ഏമാനൻ ഈ ദിക്കിലേക്കേ ആദ്യമായിട്ടു വരാണ്. ഇവിടുത്തെ സമ്പ്രദായങ്ങളൊന്നും നിശ്ചയമില്ല. ഇനിയൊക്കെ വേണ്ടതുപോലെ ആയ്ക്കൊള്ളാമെന്ന് ഇവിടെ പറയാനേല്പിച്ചിട്ടുണ്ട്.

മാങ്കട—ആട്ടെ, ഏമാന്ന് ഇപ്പോഴെങ്കിലും ഇങ്ങിനെ തോന്നിയല്ലൊ. എന്താ വല്ലതും കൊണ്ടുവന്നിട്ടുണ്ടൊ.

ഇട്ടീണാൻ—ഒന്നും കൊണ്ടുവന്നിട്ടില്ല. കാളകളെ കണ്ടതിന്നു ശേഷം എജമാനൻതന്നെ ഇങ്ങോട്ടിറങ്ങണമെന്നു വിചാരിച്ചിരിക്കയാണ്.

മാങ്കട—ഈ മിരട്ടൊന്നും മാങ്കാടക്കഴിയനോട്ട വേണ്ടാ—
കിട്ടേണ്ടതു കിട്ടിയാൽ കാണേണ്ടതു കാണും.

ഇട്ടീണാൻ—അങ്ങിനെ വിചാരിക്കരുതു്—ഞാൻ ശമ്പളക്കാരനാണു്. പറയാനേല്പിച്ചതു് പറഞ്ഞു.

മാങ്കട—എന്നാൽ തന്റെ ഏമാനോട്ട പറയു ഞാൻ പറഞ്ഞതെല്ലാം.

ഇട്ടീണാൻ—അങ്ങിനെയാകട്ടെ.

മാങ്കട—ഇന്നു വൈകുന്നേരത്തിന്നുള്ളിൽ ഇവിടെ കിട്ടേണ്ടതു കിട്ടിയാൽ രാവിലേക്ക തൊഴുത്തിൽ കാളകളും ഉണ്ടാവും. വേണമെങ്കിൽ മായൻകുട്ടിയും കൂടെ വരും.

ഇട്ടീണാൻ—മായൻകുട്ടിയും കൂടെ വന്നോട്ടെ. പിന്നെ കണ്ടോളാം.

## IV

മാങ്കടക്കഴിയന്റെ ഇഷ്ടം സാധിച്ചപ്പോൾ കുഞ്ഞുണ്ണിമേനോന്റെ ഇഷ്ടവും സാധിച്ചു. മായൻകുട്ടിയെ സല്ക്കരിച്ചയച്ചതിന്റെ പിറെറ ദിവസം രാവിലെ കാളകളെ തൊഴുത്തിൽ കണ്ടപ്പോൾ കുഞ്ഞുണ്ണിമേനോനുണ്ടായ സന്തോഷം പറഞ്ഞാലാവില്ല. അതോടുകൂടി തന്നെ പററിച്ചതിന്നു പകരം അങ്ങോട്ടും എന്തെങ്കിലും ഒന്നു പററിക്കേണമെന്നു മനസ്സുകൊണ്ടുറച്ചു. മാങ്കടക്കഴിയന്റെ വൎത്തമാനങ്ങൾ ഓരോരുത്തരോടായി അന്വേഷിച്ചുതുടങ്ങി. അന്വേഷണം അധികമാവുന്തോറും മിസ്റ്റർ കുഞ്ഞുണ്ണിമേനോന്നു് ആ കാട്ടരാജാവിനോട്ട വെറുപ്പിന്നു പകരം ബഹുമാനമാണു തോന്നിയതു. കുറെ ആളുകൾക്ക തലവനായി കന്നുകാലികളുടെ ആധിപത്യം വഹിച്ചിരിക്കു

ന്നതു പണ്ടുപണ്ടേയുള്ള കുലവൃത്തിയായി സ്വീകരിച്ചിട്ടു ണ്ടെന്നല്ലാതെ ജനദ്രോഹം ചെയ്യേണമെന്ന് ആ ചോരപ്രമാണിക്ക് ആഗ്രഹമുള്ളതായിക്കണ്ടില്ല. എന്നതന്നെയല്ല അനവധി സാധുജനങ്ങൾ ആ മഹാമനസ്കൻെറ സംരക്ഷണയിൽ ഇരിക്കുന്നതായും അറിഞ്ഞു. ഒരു ദിവസം മി. കുഞ്ഞുണ്ണിമേനോൻ വൈകുന്നേരം നടക്കാനായി പുറത്തിറങ്ങിയപ്പോൾ തൻെറ സമീപസ്ഥനും വളരെ ദരിദ്രനും ആയ ഒരു നായർ ഒരു ജോടി പോത്തുകളെ കയറിട്ടു കൊണ്ടുവരുന്നതു കണ്ടു. അവയെ വിലകൊടുത്തു വാങ്ങുവാൻ കഴിയാത്ത ആ സാധുവിന്ന് ഇതെങ്ങിനെ കിട്ടിയെന്നറിയാനായി മി. കുഞ്ഞുണ്ണിമേനോൻ "എന്താ ചന്തക്കു പോയിരുന്നുവോ? പോത്തുകൾക്ക് എങ്ങിനെയാ വില."

നായർ—വിലക്കു വാങ്ങിയതല്ല. ഞാൻ മാങ്കടക്കുഴിയനെ ഒന്നു കാണാൻപോയി. കഷ്ടപ്പാടുകൾ എല്ലാം നേരിട്ടു പറഞ്ഞപ്പോൾ "കൃഷി നടന്നോളു. ഓരര കന്നു തരാം." എന്നു പറഞ്ഞു് ഇവയെ തന്നു.

ഇനി കുറച്ചു നിലം വേണം. അതു് ഇവിടുന്നും തരണം.

കുഞ്ഞുണ്ണിമേനോൻ—മാങ്കടക്കുഴിയൻ ഇങ്ങിനെയൊക്കെ ചെയ്യുന്നുണ്ടോ?

നായർ—ഇങ്ങിനെയൊരു ധർമ്മിഷ്ഠനുണ്ടോ? ഇവിടങ്ങളിൽ അനവധി ജനത്തിന്ന് ഇങ്ങിനെ സഹായിക്കുന്നുണ്ടു.

ഇതു കേട്ടപ്പോൾ കുഞ്ഞുണ്ണിമേനോൻ മാങ്കടക്കഴിയ ൻെറ നേരെ അതുവരെ തനിക്കുണ്ടായിരുന്ന ധാരണയെ പ്പററി വ്യസനിച്ചു. ആ പ്രമാണിയുമായി അധികം പ രിചയിപ്പാനുള്ള അവസരം ഉണ്ടാക്കേണമെന്നും വിചാ രിച്ച് ഇട്ടീണാനോടുകൂടി ഒരു ദിവസം മാങ്കടക്കഴിയനെ കാണാൻ ചെന്നു. കുഞ്ഞുണ്ണിമേനവൻെറ വൎത്തമാനങ്ങ ളെല്ലാം അറിഞ്ഞിരുന്ന മാങ്കടക്കഴിയൻ അദ്ദേഹത്തെ യഥോചിതം ആദരിച്ചു.

കുഞ്ഞുണ്ണിമേനോൻ—നേരിട്ടു പരിചയമാവേണമെന്നു വെച്ചിട്ടാണു ഞാൻ വന്നതു്. ഞാൻ ആദ്യം ധരിച്ച തൊക്കെ തെററി.

മാങ്കട—ഞമ്മള ഒരു വെറും കള്ളനാണെന്നാണ് പലരു ടേയും ധാരണ. പണ്ടുപണ്ടെ ഞങ്ങടെ തൊഴില് കള വാണന്നേ ഉള്ളൂ. കുഴങ്ങിയവനെ മാങ്കടക്കഴിയൻ ഇ തുവരെ കഷ്ടത്തിലാക്കീട്ടില്ല. "യാതൊരു ഗതിയും ഇ ല്ല രക്ഷിക്കണം" എന്നു പറഞ്ഞുവരുന്നവൎക്കെല്ലാവെ ൎക്കും കൈനിറച്ചും വയറു നിറച്ചും ഞമ്മള് കൊടുക്കാ തിരുന്നിട്ടില്ല. ഇതിനൊക്കെ തികയേണമെങ്കിൽ ക യ്യിലുള്ളോൻെറ പണം കുറേശ്ശ തട്ടാതെ തരമുണ്ടോ? അത്രെയുള്ളൂ.

കുഞ്ഞുണ്ണി—സാധുസംരക്ഷണമാണ് വലിയ കാൎയ്യം. മ ററെന്തു കഠിനകൃത്യങ്ങൾ ചെയ്താലും ഈ വലിയ പുണ്യം മുതലാളിയെ എന്നെന്നേക്കും കാക്കും.

മാങ്കട—ഞമ്മക്കും അതുതന്നെയാണു ധൈൎയ്യം. ഞമ്മ ടെ കളവും പഠിച്ച കളവാണ്. ഞമ്മടെ "കുരുക്കള്"

മഹാ പ്രമാണിയായിരുന്നു. രാത്രി മുഴുവൻ ഉറക്കമൊഴിച്ചു കാവലിരുന്നാലും ഞങ്ങൾക്കു പ്രയാസമില്ല.

കുഞ്ഞുണ്ണി—എന്നാൽ അതു് എനിക്കൊന്നു പരീക്ഷിക്കണം. ഇങ്ങിനത്തവരുണ്ടെന്നു ഞാൻ കേട്ടിട്ടേ ഉള്ളു. ഒരു ദിവസം നമ്മുടെ കാളകളെ കൊണ്ടുപോരികം. ദിവസം പറയണം, ഞാൻ കാവലിരിക്കാം.

മാങ്കട—ഓം. ഒരു ദിവസം ഞങ്ങടെ വിദ്യ ഒന്നു കാണിച്ചുതരാം.

ഒരു ദിവസം നിശ്ചയിച്ച് മാങ്കടക്കുഴിയനു് ആളെ അയച്ചു. കുഞ്ഞുണ്ണിമേനോൻ കാവലിന്നുള്ള ഏപ്പ്ാടുകളെല്ലാം ചെയ്തു. തൊഴുത്തുവാതലിന്റെ ചീപ്പിനോടു തൊട്ടു് ഒരു തട്ടുണ്ടാക്കി അതിന്റെ മീതെ നിന്നു പകിടകളിപ്പാനായിരുന്നു മി. മേനോൻ ഏപ്പാടു ചെയ്തിരുന്നതു്. ചീപ്പ് പൊന്തിക്കാതെ വാതിൽ തുറക്കാൻ സാധിക്കുകയില്ല. ചീപ്പ് പൊന്തിച്ചാൽ തട്ടു് ഇളകും. അതിന്നും പുറമെ കളിക്കുന്ന ആൾ ചീപ്പിന്മേൽ ചവുട്ടിക്കൊണ്ടു നില്ക്കേണമെന്നും നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ആ വഴിയെ അല്ലാതെ കാളകളെ കൊണ്ടുപോകാനും കഴികയില്ല.

പകിടകളി തുടങ്ങി ഒരു മണിക്കൂറായപ്പോഴെക്കു മാങ്കടക്കുഴിയനും വന്നു. കളിക്കാരുടെ മുഖഭാവംകണ്ട് അവർ കളിയിൽ മനസ്സൂന്നിയിരിക്കുന്നുവെന്നു ബോദ്ധ്യമാവുന്നതുവരെ മാങ്കടക്കുഴിയൻ അനങ്ങിയില്ല. ക്രമേണ അടുത്തുകൂടി. കളി കഴിഞ്ഞു് ചൂതുവെക്കുന്നസമയം നോ

ക്കി ആ ചോരപ്രമാണി ഒന്നരണ്ടടി മുമ്പോട്ട വെക്കും. ഇ ങ്ങിനെ മെല്ലെമെല്ലെ തട്ടിൻെറ ചോട്ടിൽ ചെന്നു കൂടി കളിക്കുന്ന ആളും ഒരു കാൽ ചീപ്പിൻെറ മുകളിലാണ് വെച്ചിരിക്കുന്നതു് എന്നു കണ്ടു. അയാറം കളിക്കാനായി കുമ്പിടുമ്പോറം ചീപ്പിന്മേൽ അമച്ചു കുറയുന്നതു് മനസ്സി ലാക്കി. ആ ലാക്കിൽ അതു് അല്പമൊന്നു പൊന്തിച്ചു് അതിന്നു പാകത്തിൽ ഒരു മുട്ടു കൊടുത്തു. വീണ്ടും കളിക്കു ന്ന ആളും താഴുമ്പോറം ചീപ്പ് പൊന്തിച്ചു് മുട്ടുകൊടുപ്പാ ൻതുടങ്ങി. ഇങ്ങിനെ മൂന്നു നാലു തവണ ആവൎത്തിച്ചപ്പോ ഴക്കു ചീപ്പു നല്ലവണ്ണം പൊന്തി. വാതിൽ തുറക്കാൻ സാ ധിച്ചു. മെല്ലെ തൊഴുത്തിൽ കടന്നു. മയക്കമരുന്നുകൊണ്ടു കാളയെ മയക്കി കയറിട്ടു. അതിനെ മെല്ലെ പുറത്തിറ ക്കി. അപ്പോറം തട്ടിൻെറ മുകളിലുള്ളവർ "പകിട പന്ത്ര ണ്ട്" എന്നുച്ചത്തിൽ പറയുന്നതു കേട്ടു.

ഉടനെ മാങ്കടക്കുഴിയൻ—"പകിട പന്ത്രണ്ടെങ്കിൽ പാണ്ടൻകാള പുറത്ത്" എന്നു മറുവടി പറഞ്ഞു.

അതു കേട്ടപ്പോഴാണ് അവർ സംഗതിയെല്ലാം അ റിഞ്ഞതു്. മി: കുഞ്ഞുണ്ണിമേനോൻ അവർകളും കൂട്ടുകാ രും മാങ്കടക്കുഴിയനെ വളരെ ശ്ലാഘിച്ചു. മേനവൻ — "താങ്കറം കാട്ടുരാജാവ് എന്ന സ്ഥാനത്തിന്നു് എല്ലാം കൊണ്ടും അവകാശമുള്ള ആളാണ്" എന്നു പുകഴ്ത്തി ആ ചോരക്കുരുശ്രേഷ്ഠന്നു ഒരു വീരശൃംഖലയും സമ്മാനിച്ചു.

SEN GUPTA MEMORIAL
PUTHIYARA
READING ROOM & LIBRARY

# മേനോൻെറ അവസാനക്കയ്യ്. *

അഥവാ

ജാതകവും ഒത്തു.

---

നേരം നട്ടുച്ച. വെയിലിൻെറ ചൂടുകൊണ്ടു സകല ജീവജാലങ്ങളും മയങ്ങിക്കിടക്കുന്ന സമയം. കുംഭമാസമായതിനാൽ പാടങ്ങളെല്ലാം ശൂന്യമായിരിക്കുന്നു. സമൃദ്ധിയും ദാരദ്ര്യവും ഇടകലൎന്നുണ്ടാവുമെന്നുള്ള തത്വം അവ വിളിച്ചുപറയുന്നപോലെ തോന്നുന്നു. കിണറും കുളങ്ങളും തങ്ങൾക്കു ബാധിച്ചിട്ടുള്ള ക്ഷയം ഇനിമേൽ വൎദ്ധിച്ചുവരുമല്ലോ എന്നു വിചാരിച്ചു വ്യസനിക്കുന്നപോലെ അനങ്ങാതിരിക്കുന്നു. അടിയന്തരകാൎയ്യങ്ങളുള്ളവരല്ലാതെ ആരും അപ്പോൾ വഴിനടക്കുന്നതു കാണാൻ പ്രയാസം. മിനക്കെടാതെ പണിയെടുക്കുന്ന ചില കൃഷിക്കാർമാത്രം അങ്ങുമിങ്ങുമായി അവരുടെ കന്നിനെ അടുത്തുള്ള പുഴയിലൊ മററൊ, ഇറക്കി തേച്ചുകഴുകിക്കൊണ്ടു പോകുന്നുണ്ട്.

ഈ സമയത്തു മാനേരി പാടത്തിൻെറ വടക്കേ അററത്തുനിന്ന് ഒരാൾ തെക്കോട്ടു പോകുന്നുണ്ടു്. പോകുന്തോറും ഗതിക്കു വേഗം കുറയുകയാണ് ചെയ്യുന്നതു്—ചോലയിൽ കുമാരമേനോൻെറ ഈ പോക്കു് അയാളുടെ പൂൎവ്വചരിത്രം അറിയുന്നവരിൽ അത്ഭുതം ജനിപ്പിച്ചേ

---

* മംഗളോദയം മാസിക (1105 വൃശ്ചികം) യിൽ ചേൎത്തിരുന്നതു്.

ക്കാം. ഭാഗ്യലക്ഷ്മി അമ്മയും പന്തീരായിരവും പോയ തോടുകൂടി സ്വൈരമായിരിക്കാമെന്നു കരുതിയ അദ്ദേഹത്തെ അച്ഛൻെറ മരുമകൾ കല്യാണിക്കുട്ടിയുടെ സ്മരണ കണക്കിലധികം അലട്ടാൻ തുടങ്ങി. അപ്പോഴാണ്, ആ പെൺമണിയെ ഒന്നു കാണുവാൻ പുറപ്പെട്ടുകതന്നെ എന്ന് അയാളുറച്ചത്. ആ സമയത്തുതന്നെ യാത്രയും ആയി. അച്ഛൻെറ വീട്ടിലേക്കു തനിക്കു ചെല്ലുവാനുള്ള അധികാരം ഏതുകാലത്തുമുണ്ടല്ലോ—അതോടുകൂടി കല്യാണിക്കുട്ടി (ഇപ്പോൾ കല്യാണിക്കുട്ടി അമ്മയെന്നുതന്നെ പറയേണ്ട പ്രായമായിരിക്കുന്നു)യെ കാണുവാനും, ചില കാര്യങ്ങൾ ചോദിക്കാനും സാധിച്ചുവെങ്കിൽ അതുകൊണ്ടു നഷ്ടമൊന്നും വരാനുമില്ല തരമുണ്ടെങ്കിൽ തൻെറ രണ്ടാം വിവാഹ കാര്യത്തിൽ ഒരാലോചനയും ചെയ്യാം. ആദ്യം അന്തസ്സ പോരെന്നു വിചാരിച്ചു തള്ളിയ കൂട്ടത്തിലാകയാൽ ഈ പുതിയ ആലോചന കല്യാണിക്കുട്ടിയമ്മ സ്വീകരിക്കുമോ, അതോ നിരസിക്കുമോ? നാട്ടിൽ തനിക്കു പെണ്ണു കിട്ടാതായപ്പോൾ മാത്രമേ ബന്ധുക്കളെ സ്മരിക്കയുണ്ടായുള്ളു എന്ന് ആയമ്മ പരിഹസിക്കാൻ തുടങ്ങിയാൽ എന്തു സമാധാനം പറയും? കല്യാണിക്കുട്ടിക്കു വേറെ വല്ലവരും ആലോചിക്കുന്നുണ്ടോ എന്ന് അന്വേഷിച്ചറിയാതെ തൻെറ കാര്യം എങ്ങിനെയാണ് എടുത്തുപറയുന്നത്? ഈ വക ആലോചനയോടുകൂടിയാണ് കുമാരമേനോൻ ചുടുവെയിലും, കുത്തോ വരമ്പും, വകവെക്കാതെ നടക്കുന്നത്. ആലോചനയുടെ മുറുക്കമാണ് ഇടക്കു നടത്തത്തിൻെറ മുറുക്കം കുറക്കുന്നത്. അച്ഛൻെറ വീട് അടുക്കുംതോറും അവിടെയുള്ളവർ തന്നെ ഏതു തരത്തിലാണ്

ആദരിക്കുക എന്ന വിചാരം തൻെറ കാലിനെ പിന്നോക്കം പിടിക്കുന്നുണ്ടോ എന്നു കുമാരമേനോനു സംശയം തോന്നി. ഒരു സംഗതി മേനോനു് അനുകൂലമായിട്ടുണ്ടു്. അതു് കല്യാണിക്കുട്ടിയുടെ വിവാഹം ഇനിയും കഴിഞ്ഞിട്ടില്ലെന്നുള്ളതാണു്. ഏതായാലും മേനവൻ പടിക്കലെത്തി. പടി കടക്കാനുറച്ചു—പടിയിന്മേൽ കയറിയിരുന്നു. അപ്പോൾ അച്ഛൻെറ സോദരി:—

"എന്താ വീടു മാറിയെന്നു ശങ്കിച്ചിട്ടാണോ സംശയിച്ചു് പടി കടക്കുന്നതു്?" എന്നു ചോദിച്ചു. മേനവനു് ഉത്തരമൊന്നും പറയാൻ തോന്നിയില്ല. ചോദ്യം പുറപ്പെട്ട സ്ഥാനത്തേക്കു് ഒന്നു നോക്കുക മാത്രം ചെയ്തു. തറവാട്ടമ്മ ലോക്യം കുറച്ചില്ല

"കുമാരമേനോനു ശങ്കകൂടാതെ വരാമെന്നുള്ള വീടാണല്ലോ ഇതു്." എന്ന ഉപചാരവാക്കുകൾകൊണ്ടു മേനവനെ എതിരേററു.

മേനവൻ ഒന്നും മിണ്ടാതെ നേരെ നടന്നു കോലായിൽ ചെന്നിരുന്നു. "കാലു് കഴുകാൻ വെള്ളം കൊണ്ടുവരാം" എന്നു പറഞ്ഞു തറവാട്ടമ്മ അകത്തേക്കും പോയി.

II

മുത്താഴം കഴിഞ്ഞു്, മുകളിലിരുന്നു രാമായണം വായിക്കുന്ന കല്യാണിക്കുട്ടി അമ്മ "മൈഥിലി മയിൽപ്പേട പോലെ സന്തോഷം പൂണ്ടാൾ" എന്ന ഘട്ടത്തിലെത്തിയപ്പോഴാണു്, ചോട്ടിൽനിന്നു് അമ്മയുടെ ചോദ്യങ്ങൾ കേട്ടതു്. ഉടനെ കിളിവാതിൽകൂടെ പടിക്കലേക്കു നോക്കിയപ്പോൾ ആളേയും മനസ്സിലായി. അപ്പോൾ കുമാരേട്ട

ന്നെ കണ്ടു കുശലം പറവാൻ കല്യാണിക്കുട്ടിക്കു മടിതോ ന്നിയതിൽ ആരും അവളെ കുററപ്പെടുത്തുകയില്ല. അ മ്മാമൻെറ മകനാണെങ്കിലും തന്നെ ഒരിക്കൽ സങ്കോ ചംകൂടാതെ തള്ളുവാൻ പുള്ളി മടിച്ചിട്ടില്ല. പിന്നീട് ഒരു സ്ത്രീയെ വിവാഹം ചെയ്ത്, ഗൃഹസ്ഥാശ്രമത്തിൽ കുറച്ചു കാലം ഇരുന്ന്, മനസ്സമടുക്കുകയോ ഇച്ഛാഭംഗം വരികയോ ഉണ്ടായതിനാൽ ഇപ്പോൾ "ഒററ"യാണ് അദ്ദേഹം. തന്നെ നിരസിച്ച കാലംമുതല്ക്കു യാതൊരു വ്യത്യാസവുമില്ലാത്ത സ്ഥിതിയാണ് കല്യാണിക്കുട്ടിയുടേതു്. ഇപ്പോഴത്തെ വരവു എന്തു് ഉദ്ദേശത്തോടുകൂടിയാണെന്നതും നല്ല വിവരമില്ല. ഇതാണു സന്ദർഭം. തല്ക്കാലം താഴത്തേക്കു പോകാതിരിക്കുന്നതാണു് നല്ലതെന്നു കരുതി, കട്ടിലിന്മേൽ കയറി ഉറക്കം നടിച്ച് കിടന്നു. കുമാരേട്ടൻെറ വന്ന വരവിലുള്ള "പരുങ്ങ"ലെല്ലാം അവസാനിച്ചതിന്നുശേഷം മെല്ലെ താഴത്തേക്കു പോകാമെന്നും ഉറച്ചു.

കള്ളഉറക്കം നടിച്ചു കിടക്കുന്ന കല്യാണിക്കുട്ടിയുടെ നാളതുവരെയുള്ള വൎത്തമാനം അറിയുവാൻ വായനക്കാൎക്കു കൌതുകമുണ്ടായിരിക്കും. കുമാരേട്ടൻ വന്ന വിവരം പറവാൻ ഒന്നു രണ്ടു പ്രാവശ്യം മുകളിലേക്കു കേറിച്ചെന്ന അമ്മ മകളുടെ ഉറക്കം കണ്ടു മടങ്ങി. ഇതൊന്നും അറിയാത്ത നാട്യത്തിൽ കിടക്കുന്ന കല്യാണിക്കുട്ടി അമ്മയുടെ ഉള്ള് അപ്പോൾ ഉണൎച്ചയോടുകൂടിത്തന്നെയായിരുന്നു ഇരുന്നതു്. പഠിപ്പും പരിഷ്കാരവും ഉള്ള കുമാരേട്ടൻ തന്നെ വിവാഹംചെയ്യാനാഗ്രഹിക്കുമെന്ന് ആ ശുദ്ധഹൃദ

യത്തിൽ ആദ്യകാലത്തു് ഒട്ടും വിചാരംതന്നെ ഉണ്ടായിട്ടില്ല. പക്ഷെ അമ്മയും മററുള്ളവരും തൻെറ പേരും കുമാരേട്ടൻെറ പേരും കൂട്ടിച്ചേർത്തു പറയാൻ തുടങ്ങിയ മുതല്ക്കു്, അദ്ദേഹവുമായിട്ടുള്ള സമ്പക്കത്തിൽ വിരോധവുമുണ്ടായിരുന്നില്ല. പക്ഷെ അതു സാധിക്കുന്ന കായ്യത്തിൽ സംശയം ധാരാളമുണ്ടായിരുന്നതാനും.

അങ്ങിനെയിരിക്കുമ്പോഴാണ് ഭാഗ്യലക്ഷ്മിഅമ്മ കുമാരമേനോൻെറ ഭായ്യാപദം അലങ്കരിച്ചതു്. ആ സംഭവത്തോടുകൂടി കല്യാണിക്കുട്ടി അമ്മയുടെ ആശ അടിയോടെ അററു. പിന്നീടു കന്യകയായിതന്നേയാണ് ഇരിപ്പ്. ഇംഗ്ലീഷു പഠിച്ചിട്ടില്ലെങ്കിലും, മലയാളപുസ്തകങ്ങൾ വായിക്കുന്നതിൽ തൃപ്തിവരാത്ത കൂട്ടത്തിലാണ്. ഒട്ടും ഏററമില്ലാത്ത ഒരു സ്വഭാവമാകയാൽ കല്യാണിക്കുട്ടിയുടെ ഹിതം നിറവേററാൻ ആ വീട്ടിൽ ആൎക്കും മടിയുണ്ടായിരുന്നില്ല. പുസ്തകങ്ങൾ വരുത്തി വായിക്കുകതന്നെയാണ് കാൎയ്യമായിട്ടുള്ള ജോലി. ഗൃഹകൃത്യങ്ങളെല്ലാം കഴിയുന്നതും വേഗത്തിൽ ചെയ്തു്, ബാക്കിയുള്ള സമയം മുഴുവനും പുസ്തകപാരായണത്തിന്നായി വിനിയോഗിക്കയാണ് പതിവു്. ഇങ്ങിനെ കഴിഞ്ഞുകൂടുമ്പോഴാണ കുമാരമേനോനും ഭാഗ്യലക്ഷ്മിഅമ്മയും തമ്മിൽ പിണങ്ങിപ്പിരിഞ്ഞ വൎത്തമാനം നാട്ടിൽ പരന്നതു്. ജാതകം ഒക്കില്ലെന്ന ഒഴികഴിവു പറഞ്ഞു് ഒഴിച്ച രസികൻ വീണ്ടും ആലോചിക്കുവാൻ വരുമെന്നു വിചാരിക്കാൻ വഴിയില്ലെങ്കിലും മുജ്ജന്മബന്ധംകൊണ്ടോ എന്തോ കല്യാണിക്കുട്ടിഅമ്മക്കു കുറച്ചു ദിവസമായി കുമാരമേനോൻെറ

സ്മരണ വിട്ടുപോകുന്നില്ല. സ്ത്രീയായ തനിക്ക് ആലോചിക്കയല്ലാതെ അതിലപ്പുറം ചെയ്യാൻ തരമില്ലാത്ത സ്ഥിതിയ്ക്കു വായനയിൽ ശുഷ്കാന്തി കൂട്ടുകമാത്രമേ തല്ക്കാലം വികാരത്തിൻെറ ഫലമായുണ്ടായുള്ളു. ഭഗ്നപ്രേമം വിഷയമായിട്ടുള്ള കഥകളിൽ താല്പര്യവും അധികം കാണിച്ചുതുടങ്ങി. ഇങ്ങിനെയുള്ള ഘട്ടങ്ങളിൽ മനസ്സിനെ ആകർഷിക്കാൻ അധികം ശക്തി സന്ദേശകാവ്യങ്ങൾക്കാണെന്ന് ബോദ്ധ്യം വരികയാൽ "സന്ദേശം" എന്നു പേരുള്ള ഏതു പ്രബന്ധവും വായിക്കാതെ വിടാറില്ല ഇത്തരത്തിൽ മനസ്സിനെ പ്രവർത്തിച്ചുകൊണ്ടുവരുമ്പോൾ കുമാരമേനോൻെറ പെട്ടെന്നുള്ള വരവു, കള്ളൊറക്കം നടിക്കുവാൻ കല്യാണിക്കുട്ടിഅമ്മയെ പ്രേരിപ്പിച്ചതിൽ അത്ഭുതമില്ലല്ലൊ.

## III

അച്ഛൻെറ സോദരി കൊണ്ടുവന്ന വെള്ളംകൊണ്ടു കാൽ കഴുകി, കുമാരമേനോൻ കുറച്ചു നേരം കോലായപ്പടിയിന്മേലിരുന്നു—തല്ക്കാലം ക്ഷീണം തീർക്കാൻ ഉടനെ വേണ്ടതെന്താണെന്നുള്ള തറവാട്ടമ്മയുടെ ചോദ്യത്തിന്ന്, ഊണിൻെറ സമയം തെറ്റിയതിനാൽ ചായ മാത്രം മതിയെന്നു സമാധാനം പറഞ്ഞു കുമാരമേനോൻ സംഭാഷണം ആരംഭിച്ചു.

തറവാട്ടമ്മ—അതുകൊണ്ടു തരക്കേടൊന്നുമില്ല. വേഗം ചോറുണ്ടാക്കാം—എളുപ്പത്തിലാവുന്നതു ചായയാകയാൽ അതു് ആദ്യം കൊണ്ടുവരാം. തെക്കിനിയിലോയാൽ ചൂടിന്നു ഭേദമുണ്ട്. ഒന്നു വിശ്രമിക്കുമ്പോഴെ

ക്കു ചായ തെയ്യാറാക്കാം. എന്നു കുശലത്തോടുകൂടി അ
ച്ഛൻെറ സോദരി അടുക്കളയിലേക്കു പോയി. വിവര
ങ്ങളെല്ലാം അറിഞ്ഞിരുന്ന ആയമ്മ ഭാഗ്യലക്ഷ്മിയെ
പ്പററി അന്വേഷണങ്ങൾ ചെയ്ത് കുമാരമേനോനെ ശല്യ
പ്പെടുത്താൻ ഒരുങ്ങിയില്ല.

കുമാരമേനോൻ "ഓ" എന്നു മാത്രം പറഞ്ഞു തെക്കി
നിയിലും പ്രവേശിച്ചു. ഏതാനും കൊല്ലങ്ങൾക്കുമുമ്പ്
അതേ സമയത്ത് ആ തെക്കിനിയിൽവെച്ചുതന്നെ ത
ൻെറ വിവാഹകാര്യത്തെപ്പററി അച്ഛൻെറ സോദരി
സ്നേഹപൂർവ്വം ചെയ്ത അന്വേഷണങ്ങൾ താൻ അപ്പോൾ
സ്മരിച്ചു. അന്നത്തെ അന്വേഷണങ്ങൾക്കു കാരണഭൂത
യായിരുന്ന കല്യാണിക്കുട്ടി (മേനോൻ സ്നേഹംകൊണ്ടു
അങ്ങനെ വിളിച്ചാൽ തരക്കേടൊന്നുമില്ലല്ലൊ.) അവി
ടെയെങ്ങാനും നില്ക്കുന്നുണ്ടോ എന്നു മേനോൻ വളരെ ശ
ങ്കയോടുകൂടി ഒന്നു കണ്ണോടിച്ചു നോക്കി. ഇച്ഛാഭംഗത്തോ
ടുകൂടി ഒടുവിൽ തനിക്കിട്ടിരുന്ന പുല്ലുപായയിൽ ഇരുന്നു.
ഒരുസമയം കല്യാണിക്കുട്ടി മുകളിലാണെങ്കിൽ ഇറങ്ങി
വരുമ്പോൾ കാണാൻ തരമാവുമെന്നു വിചാരിച്ച് കരുതി
യിരുന്നു. കണ്ട ഉടനെ ചെയ്യേണ്ട കുശലങ്ങളെന്തൊ
ക്കെയാണെന്ന് ആലോചിച്ചു ക്രമപ്പെടുത്താൻ ശ്രമിക്കു
ന്തോറും മേനോന് അന്തം കിട്ടുന്നില്ല. താൻ അതുവരെ
ആടിയ നാടകത്തെപ്പററി കല്യാണിക്കുട്ടി അറിയാതിരി
ക്കാൻ വഴിയില്ല. അതുനിമിത്തം തന്നെപ്പററി എന്തൊ
രഭിപ്രായമാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയാതെ വ
ല്ലതും കടന്നുചോദിച്ചാൽ വഷളാവുമോ എന്ന് അദ്ദേ

ഹത്തിന്നു സാമാന്യത്തിലധികം ഭയവുമുണ്ട്. എന്തുതന്നെയായാലും നേരിട്ടു കണ്ടു തൻെറ ആഗ്രഹം പറയാതെ പോകയില്ലെന്ന് ഉറച്ചു. വേറെ വല്ല ആലോചനകളുണ്ടെങ്കിൽത്തന്നെ അമ്മാമൻെറ മകനായ തൻെറ അവകാശം കഴിഞ്ഞല്ലാതെ ബാക്കിയാകും ഇല്ലെന്നു വാദിക്കുവാനും വക്കീലായ അദ്ദേഹം ആലോചിക്കാതിരുന്നില്ല.

കുമാരമേനോൻെറ വരവു വെറുതെയാവില്ലെന്ന് ഏകദേശം ഊഹിച്ചറിഞ്ഞ കല്യാണിക്കുട്ടിയുടെ അമ്മ മകളെ കുമാരമേനോൻെറ മുമ്പിൽ ചാടിക്കാൻ സ്ത്രീസഹജമായ സാമർത്ഥ്യത്തോടുകൂടി ചില പൊടിക്കൈകളും തുടങ്ങി. "കല്യാണിക്കുട്ടി! പഞ്ചസാര കൊണ്ടാ, മോളിൽ കൂട്ടിലിരിക്കുന്ന കോപ്പകൾ കൊണ്ടാ" എന്നിങ്ങിനെ വിളിച്ചു് ആജ്ഞകൾ ചെയ്തുതുടങ്ങി. "ഇപ്പോഴാണ് ഉറക്കം" എന്നു പിറുപിറുക്കാനും തുടങ്ങി. മുകളിൽ രണ്ടു പ്രാവശ്യം പോയെങ്കിലും കോപ്പയും മറവും എടുക്കാതെതന്നെയാണ് കല്യാണിക്കുട്ടിയുടെ അമ്മ ഇറങ്ങിപ്പോന്നതു്.

അമ്മയുടെ വിളികൊണ്ടു കല്യാണിക്കുട്ടിയമ്മക്കു കിടക്കപ്പൊറുതിയില്ലാതായി. കള്ളൊറക്കം ഉണരാതെ തരമില്ലെന്ന ഘട്ടത്തിലെത്തി. വിളി അധികമാവുന്നേടത്തോളം കുമാരമേനോന്നു സന്തോഷവും സംഭ്രമവും തുടങ്ങി. കോണിക്കൽ വന്നു കല്യാണിക്കുട്ടിയമ്മ തെക്കിനിയിലേക്ക് എത്തിനോക്കിയപ്പോൾ കുമാരേട്ടൻ അവിടെ ഇരിക്കുന്നതു് കണ്ടു. അമ്മയുടെ സൂത്രം മനസ്സിലായി. ഇറങ്ങാൻ മടിച്ചു വീണ്ടും എത്തിനോക്കി. "കോപ്പയും കൊണ്ടു കല്യാണിക്കുട്ടി ഇപ്പോഴിറങ്ങും, ഇപ്പോഴിറങ്ങും"

എന്നോൎത്തു കോണിക്കലേക്ക കണ്ണിമക്കാതെ നോക്കി കൊണ്ടാണ് കുമാരമേനോൻെറ ഇരിപ്പ്. വരവു കാണാഞ്ഞപ്പോൾ ക്ഷമയില്ലാതേയായി പായയിൽ കിടന്നു. അപ്പോൾ കോണിയുടെ മേലേപ്പടിയിന്മേൽ ആരുടേയൊ കാൽ കണ്ടപോലെ തോന്നി. ആ നില്ക്കുന്നതു തൻെറ പ്രേമഭാജനംതന്നെ ആയിരിക്കും എന്നു കരുതി എന്തു വന്നാലും വേണ്ടതില്ല എന്ന ഭാവത്തിൽ, ധൈൎയ്യത്തോടുകൂടി കോണിച്ചോട്ടിലേക്ക ചെന്നു. "ഞാൻ ഇവിടെയുള്ളതുകൊണ്ടാണോ ഇറങ്ങാൻ മടി?" എന്നു ചോദിച്ചു.

കല്യാണിക്കുട്ടിയമ്മ—ആ: ഇപ്പോൾ കുറച്ചൊക്കെ ശങ്കിക്കേണ്ട കാലമല്ലേ? പിന്നെ ഈ "അവലക്ഷണം" മുമ്പിൽ ചാടിവീണു സൈ്വരം കെടുക്കേണ്ട എന്നും വിചാരിച്ചു.

കുമാര—കല്യാണിക്കുട്ടി അങ്ങിനെ പറയരുത്. എനിക്ക കല്യാണിക്കുട്ടിയോടു ചിലതൊക്കെ ചോദിക്കാനും പറയാനുമുണ്ട്.

കല്യാണിക്കുട്ടി—ഇപ്പോൾതന്നെ പോവ്വായൊ? ചായ കുടിക്കാൻകൂടി സമയം ഇല്ലെന്നുണ്ടോ?

കുമാര—ഇനി കല്യാണിക്കുട്ടി പോവാൻ പറഞ്ഞാലേ പോകയുള്ളു.

കല്യാണി—അതുണ്ടാവില്ല.

എന്നും പറഞ്ഞു് ഇറങ്ങിപ്പോയി. കുമാരമേനോനു പരിഭ്രമവും തീൎന്നു.

## VI

കുമാരമേനോന്ന് ചായ കല്യാണിക്കുട്ടിയമ്മതന്നെ കൊടുക്കേണ്ടിവന്നു. "ഞാൻ വേഗം ചോറും ഒരു കൂട്ടാനും

ഉണ്ടാക്കട്ടെ. നീ ഈ ചായ കൊണ്ടുപോയി കൊടുത്ത്, ക്രട്ടിൽനിന്നു കുറച്ചു കൊണ്ടാട്ടം എടുത്തുകൊണ്ടുവാ." എന്ന് അമ്മ പറഞ്ഞപ്പോഠം കല്യാണിക്കുട്ടിക്കു മുടക്കം പറയാൻ നിവൃത്തിയില്ലാതായി. അനുജത്തിയും ബാക്കിയുള്ളവരും അടുത്തൊരു സദ്യക്കു പോയിരുന്നതിനാൽ മറെറാരാളെ ഏല്പിക്കാനും തരമില്ലാതെ വന്നു.

ചായ വച്ചു കല്യാണിക്കുട്ടിയമ്മ പോവാൻ തുടങ്ങിയപ്പോഠം,

കുമാര—പിന്നെ, ഞാൻ കല്യാണിക്കുട്ടിയോടു വലിയൊരപരാധമാണു ചെയ്തിട്ടുള്ളത്; ക്ഷമിക്കണം.

കല്യാണി—എനിക്ക് എന്തു കുററമാണ് ചെയ്തിട്ടുള്ളത്? പുരുഷന്മാർ സ്വതേ സ്വതന്ത്രന്മാരല്ലെ? അവരുടെ ഇഷ്ടം നോക്കിനില്പാനല്ലേ മററുള്ളവക്ക് അധികാരമുള്ളൂ?

കുമാര—ആ സ്വാതന്ത്ര്യംതന്നേയാണ് എനിക്ക് അനത്ഥങ്ങളൊക്കെയുണ്ടാക്കിയത്. അല്ലെങ്കിൽ കല്യാണിക്കുട്ടിയും ഞാനും—എന്നു പറഞ്ഞു തുടരാൻ കഴിയാതെ നിൎത്തി.

കല്യാണി—എന്തേ അവിടെ നിൎത്തിയത്? എന്നേയും കുമാരേട്ടനേയും ഒരേ നാവുകൊണ്ടു പറയാൻ പാടുണ്ടോ?

കുമാര—ഒരിക്കലും പാടില്ല. "കല്യാണിക്കുട്ടി" എന്ന പഞ്ചാക്ഷരം ഒരിക്കൽ ജപിച്ചാൽ പിന്നെ ആ നാവുകൊണ്ടു കുമാരനെന്നു പറഞ്ഞാൽ പാപമുണ്ടാകും. പക്ഷെ ആ നിമിഷത്തിൽതന്നെ ആ പഞ്ചാക്ഷരം ഒരിക്കൽ കൂടി ജപിച്ചാൽ പ്രായശ്ചിത്തമായി.

കല്യാണി—നിങ്ങളൊക്കെ വിദ്യാസമ്പന്നന്മാരാണ്. ഏതു തരത്തിലും സംസാരിക്കാം. പോരെങ്കിൽ വക്കീലുമാണല്ലോ. എൻെറ കഥ "മാനോടൊത്തുവളൎന്ന... ......എന്നപോലെയല്ലേ? "നാഗരികാംഗനാരസികന്മാരായ" നിങ്ങൾക്കൊക്കെ ഇങ്ങിനെ എന്നോടു രണ്ടു വാക്കു പറയാൻ തോന്നുന്നതുതന്നെ എൻെറ ഭാഗ്യമല്ലേ?

കുമാരൻ—ഞാൻ എൻെറ മുമ്പിൽ ഇപ്പോൾ നില്ക്കുന്ന നാഗരികാംഗനയിലല്ലാതെ വേറെ ഒരാളിലും ഇനി മനസ്സു ചെലുത്തുന്നതല്ല. എൻെറ കഥ മുഴുവൻ അറിഞ്ഞിട്ടും എന്നിൽ വെറുപ്പു കാണിക്കാതിരിക്കുന്ന ഈ മനോഗുണം അല്ലേ യഥാൎത്ഥനാഗരീകത്വത്തിൻെറ ലക്ഷണം?

കല്യാണി—ഇന്ന് അങ്ങിനെയായിരിക്കും. നാളത്തെ സ്ഥിതിയെന്തോ? ഒരാളെ തള്ളിക്കളഞ്ഞില്ലേ?

കുമാരൻ—കഴിഞ്ഞ കഥ വിസ്തരിച്ചു കല്യാണിക്കുട്ടി എന്നെ കളിയാക്കരുത്. "സൎവ്വാപരാധം ക്ഷമസ്വ" എന്നേ എനിക്കു പറവാനുള്ളു. എന്നെ ഉപേക്ഷിക്കരുതു.

കല്യാണി—(മന്ദഹസിച്ച്) ഇപ്പോൾ ജാതകം ഒത്തുവോ?

കുമാരൻ—അതെന്തെങ്കിലുമാകട്ടെ. മനസ്സൊത്തു. അതാണ് കാൎയ്യം.

കല്യാണി—എനിക്കു പണ്ടേ പകുതി സമ്മതമാണ്. ഇപ്പോൾ മുഴുവനും ആയി. അല്ലാ, ചായ കുടിച്ചില്ലേ?

മേനവൻ തന്നെത്തന്നെ അഭിനന്ദിച്ചു ചായ കുടിച്ചു.

SEN GUPTA MEMORIAL READING ROOM & LIBRARY PUTHIYARA.

465
260060
465